പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III
(SUBJECT COMMITTEE III)

ജലവിഭവം
(WATER RESOURCES)

# പീരിയോഡിക്കൽ റിപ്പോർട്ട്
(2018 മാർച്ച് 31 വരെയുള്ളത്)

# (PERIODICAL REPORT AS ON 31st MARCH 2018)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2018 ജൂൺ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th June, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III

# (SUBJECT COMMITTEE III)

## ജലവിഭവം

## (WATER RESOURCES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2018 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2018)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1191/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 19 |

## സബ്ജക്ട് കമ്മിറ്റി III

## (ജലവിഭവം)

## (2016-2018)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. മാത്യു ടി. തോമസ്,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. ടി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III (2016-2018)-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. 2016-ലെ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ & ലാസ്റ്റ്ഗ്രേഡ് സർവ്വീസ്) ഭേദഗതി ചട്ടം പരിഗണിക്കുന്നതിനായി ഒരു യോഗവും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകൾ പരിഗണിക്കുന്നതിനായി മൂന്ന് യോഗങ്ങളും, ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി രണ്ട് യോഗങ്ങളും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി ഒരു യോഗവും, അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ഒരു യോഗവും, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പരിഗണിക്കുന്നതിനായി സബ്ജക്റ്റ് കമ്മിറ്റി IV, VII, IX എന്നിവയുമായി ഒരു സംയുക്ത യോഗവും ചേരുകയുണ്ടായി. സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 48% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ വാർഷിക പ്രവർത്തനറിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ, യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 21-6-2018-ൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

മാത്യു ടി. തോമസ്,<br>
*ചെയർമാൻ,*<br>
*സബ്ജക്റ്റ് കമ്മിറ്റി III.*

തിരുവനന്തപുരം,<br>
2018 ജൂൺ 21.

# റിപ്പോർട്ട്

## ഭാഗം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്കു കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്:

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി, ചെറുകിട ജലസേചനം (2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

1. 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2017 മേയ് 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2017 ആഗസ്റ്റ് 9-ാം തീയതി സഭയിൽ സമർപ്പിച്ചു.

4. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26 -ാം തീയതി സഭയിൽ സമർപ്പിച്ചു

## ഭാഗം II

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(2012-13)

## ശിപാർശ

2702-03-101-99—വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ പോക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10.20 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥന പ്രകാരം "2702-03-101-98-03—വെള്ളപ്പൊക്ക നാശംമൂലമുള്ള അറ്റകുറ്റ പണികൾ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10.20 കോടി രൂപയ്ക്കുപുറമേ അധികമായി ചെലവഴിക്കപ്പെട്ട തുകയായ 5,81,30,000 രൂപ ആ വർഷ്യാന്തത്തിൽ തന്നെ SDG/Re-appropriation വഴി ക്രമപ്പെടുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിലെ മേൽ ശീർഷകത്തിലെ ആകെ ചെലവ് 15,81,30,000 രൂപ ആണ്.

(സമിതി പരിഗണിച്ച തീയതി 19-7-2017)

## ശിപാർശ

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 2.4 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കായി 2 ലക്ഷം രൂപയുമാണ് 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്ക് 2 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പദ്ധതികൾക്കായി 3 ലക്ഷം രൂപയുംകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

കുറ്റ്യാടി ജലസേചന പദ്ധതിയുടെ 2012-13-ലെ ബഡ്ജറ്റ് വിഹിതമായ 242 ലക്ഷം രൂപയിൽ ചെലവഴിച്ചത് 214.11 ലക്ഷം രൂപ മാത്രമായിരുന്നു. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം ആവശ്യമായി വന്നില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4700-20—<u>ഇടമലയാർ പദ്ധതി (വാണിജ്യേതരം)</u>

ഇടമലയാർ പദ്ധതിയുടെ മരാമത്ത് പണികൾക്കായി 14.0640 കോടി രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 30 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 25 കോടി രൂപയും സ്ഥലമെടുപ്പിന് 5 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്ക് 3 കോടി രൂപയും കൂടാതെ ഭരണപരമായ ചെലവുകൾക്കായി 5 കോടി രൂപയും ചേർത്ത് ആകെ 38 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

ഇടമലയാർ പദ്ധതിയുടെ 2012-13-ലെ ആകെ ബഡ്ജറ്റ് വിഹിതമായ 2000 ലക്ഷം രൂപയിൽ 1326.11 ലക്ഷം രൂപ മാത്രമാണ് ആ വർഷം ചെലവഴിച്ചത്. അതിനാൽ സമിതി ശിപാർശ ചെയ്ത അധിക വിഹിതം ആവശ്യമായി വന്നില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013 - 2014)

<u>ശിപാർശ</u>

2700-26-101-99—<u>തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ളിഷ്മെന്റ്</u>

തണ്ണീർമുക്കം പദ്ധതി വർക്ക് ചാർജ്ഡ് എസ്റ്റാബ്ളിഷ്മെന്റിനായി അനുവദിച്ചിരിക്കുന്ന 8 ലക്ഷം രൂപ വേതനം നൽകുന്നതിന് അപര്യാപ്തമായതിനാൽ ഈയിനത്തിൽ 7 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

മെക്കാനിക്കൽ ജീവനക്കാരുടെ വേതനം നൽകുന്നതിന് 38.57 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2701-15-101-99—കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 9 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

മെക്കാനിക്കൽ ജീവനക്കാരുടെ വേതനം നൽകുന്നതിന് ധനപുനഃവിനിയോഗത്തിലൂടെ 4.90 ലക്ഷം രൂപ അനുവദിച്ചു.

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2701-15-101-98-18—കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ-സംരക്ഷണം

തോട്ടപ്പള്ളി സ്പിൽവേയുടെയും മറ്റ് ബണ്ടുകളുടെയും സംരക്ഷണപ്പണികൾക്കായി 2 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടാത്ത മറ്റ് ബണ്ടുകളുടെ സംരക്ഷണത്തിനായി അധികതുക അനിവാര്യമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54 )

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധികമായി തുകയൊന്നും അനുവദിച്ചില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

4711-01-103-90—കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.)

കുട്ടനാട് പാക്കേജിന്റെ നിലവിലുള്ള നാല് സ്കീമുകൾ പൂർത്തീകരിക്കുവാൻ 204 കോടി രൂപ ഈ വർഷം ആവശ്യമായതിനാലും ഈ വർഷം കേന്ദ്രാനുമതി പ്രതീക്ഷിക്കുന്ന മൂന്ന് സ്കീമുകൾക്ക് ആകെ തുകയുടെ 10% ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതിനാലും ഈ പദ്ധതിക്കുവേണ്ടി നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 261 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4711-01-103-90 PV എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആ സാമ്പത്തികവർഷത്തിൽ മുൻവർഷങ്ങളിൽ അനുമതി ലഭിച്ചിരുന്ന 4 സ്കീമുകൾക്ക്പണി പൂർത്തീകരിക്കുന്നതിന് ആകെ 204 കോടി രൂപ ആവശ്യമുണ്ടായിരുന്നു.കൂടാതെ ടി സാമ്പത്തികവർഷം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന മൂന്ന് സ്കീമുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ടി സ്കീമുകളുടെ Detailed Project Report-ന്റെ 10% തുക കൂടി ബഡ്ജറ്റിൽ വകയിരുത്തേണ്ടതായിട്ടുണ്ടായിരുന്നു. ടി തുക ഏകദേശം 261 കോടി രൂപയെന്ന് കണക്കാക്കി പ്രൊപ്പോസലിൽ വകയിരുത്തുകയാണുണ്ടായത്. ആയത് കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതിനാൽ സബ്ജക്ട് കമ്മിറ്റിയുള്ള കുറിപ്പിൽ ടി തുകയായ 261 കോടി രൂപ അധികമായി ഉൾപ്പെടുത്തുവാൻ സമിതിയോട് ശിപാർശ ചെയ്യുകയായിരുന്നു. എന്നാൽ ടി സ്കീമുകൾക്ക് 2013-14 സാമ്പത്തികവർഷം കേന്ദ്രാനുമതി ലഭിച്ചിരുന്നില്ല. കൂടാതെ പാക്കേജിലെ വിവിധ സ്കീമുകൾക്ക് കേന്ദ്ര വിഹിതം ടി വർഷം അനുവദിക്കുകയും ചെയ്തിരുന്നില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരം സപ്ലിമെന്ററി ഗ്രാന്റായി 261 കോടി രൂപ ടി വർഷം അനുവദിക്കുകയോ ചെവലഴിക്കുകയോ ചെയ്തിട്ടില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

ശിപാർശ

2700-16-101-98—പമ്പാ ജലസേചന പദ്ധതി സംരക്ഷണ പണികൾ-മറ്റ് ചെലവുകൾ (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2700-27-101-98—കല്ലട ജലസേചന പദ്ധതി-സംരക്ഷണ പണികൾ-മറ്റ് ചെലവുകൾ (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കും കാഡ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ-സിവിൽ-സംരക്ഷണം

വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി കൂടുതൽ തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 11 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

2711-02-103-99—കടലാക്രമണ നിരോധന പണികൾ-സംരക്ഷണം

കടൽഭിത്തികൾക്ക് നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽത്തീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തരപണികൾക്കുമായി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

2711-02-800-99—<u>കടലാക്രമണനിരോധന പദ്ധതികൾ-കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നത് സംബന്ധിച്ച പഠനം നടത്തുന്ന ഒരു ഡിവിഷന്റെയും രണ്ട് സബ് ഡിവിഷനുകളുടെയും അഞ്ച് സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന 3.2031 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39.07 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായിവന്നില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4701-80-800-99—<u>കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ, പീച്ചി, സ്റ്റേജ് II-ന്റെ വികസനം</u>

പീച്ചിയിലെ ഗവേഷണപഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4701-80-800-88—<u>നദീതട സംഘടന രൂപീകരണം</u>

മണ്ണുസംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതടവികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭാരതപ്പുഴ നദീതട സംരക്ഷണത്തിനുള്ള പുതിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4711—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്</u>

4711-01-103-99—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-സിവിൽ പണികൾ</u>

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>സ്വീകരിച്ച നടപടി</u>

1.26 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ അനുവദിച്ചു

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4711-01-103-98—<u>തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ</u>

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗത്തിലൂടെ 1.71 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിച്ചു.

(സമിതി പരിഗണിച്ച തീയതി 19-7-2017)

<u>ശിപാർശ</u>

4711-01-103-90—<u>കുട്ടനാട് പാക്കേജ്</u> (75% സി.എസ്.എസ്.)

11-ാം പഞ്ചവത്സരകാലത്ത് ആരംഭിച്ച കുട്ടനാട് പാക്കേജിന്റെ 4 പദ്ധതികൾ പൂർത്തിയാക്കുന്നതിനായും പുതുതായി ആരംഭിച്ച രണ്ട് പദ്ധതികൾക്ക് അംഗീകാരവും കേന്ദ്രസഹായവും ലഭ്യമാക്കുന്നതിനായും ഈ പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 200 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 569.76 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തികസ്ഥിതി മോശമായതിനാൽ തുക അനുവദിച്ചിട്ടില്ല.

(സമിതി പരിഗണിച്ച തീയതി 19-7-2017)

ശിപാർശ

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽ പണികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗത്തിലൂടെ 2.93 കോടി രൂപ അനുവദിച്ചു.

(സമിതി പരിഗണിച്ച തീയതി 19-7-2017)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)

ശിപാർശ

2702-02-005-99—ചെറുകിട ജലസേചനം-ഭൂഗർഭ ജലം-ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും

സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയ്ക്ക് പൂർണ്ണമായും ഉപരിതല ജലത്തേയും സാധാരണ കിണറുകളെയും ആശ്രയിക്കുവാൻ കഴിയാത്തതിനാൽ ജലക്ഷാമമുള്ള സ്ഥലങ്ങളിൽ സമയബന്ധിതമായി കുഴൽക്കിണർ നിർമ്മാണം നടത്തേണ്ടതുണ്ട്. കുഴൽക്കിണർ നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ വിവിധതരം ആധുനിക സാങ്കേതിക മികവുള്ള പുതിയ റിഗ്ഗുകൾ, ആധുനിക സയന്റിഫിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എട്ട് കോടി രൂപയും കുഴൽക്കിണർ നിർമ്മാണം, കുടിവെള്ള വിതരണ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ പുതിയ വാഹനങ്ങളും വാങ്ങുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

റിഗ്ഗും മറ്റു മെഷീനറികളും വാങ്ങുന്നതിനായുള്ള തുക ധനപുനഃവിനിയോഗം മുഖേന കണ്ടെത്താൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ധനപുനഃവിനിയോഗം ചെയ്യാൻ ബഡ്ജറ്റിൽ തുക ഇല്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

(സമിതി പരിഗണിച്ച തീയതി 8-11-2017)

<u>ശിപാർശ</u>

2702-02-005-77—<u>ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം-രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ജലലഭ്യത കൂടുതലുള്ള കിണറുകളിൽ വൈദ്യുതി പമ്പുകൾ ഘടിപ്പിച്ച് ഭൂജലസംഭരണികളിൽ ശേഖരിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിയ്ക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും കുടിവെള്ള വിതരണ പദ്ധതികൾക്കും 2016-ലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2702-02-005-77—രാജീവ് ഗാന്ധി കുടിവെള്ള സംരംഭം എന്ന ശീർഷകത്തിൽ 12.40 കോടി രൂപ അധികമായി അനുവദിച്ചു.

(സമിതി പരിഗണിച്ച തീയതി 8-11-2017)

<u>ശിപാർശ</u>

2700-25—<u>മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)</u>

മൂലത്തറ വലതുകര കനാൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലുമായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ 15 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ

അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

പദ്ധതികളുടെ സംരക്ഷണം അറ്റകുറ്റപ്പണികൾ എന്നിവയുടെ കരാർ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതാണെന്നും ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം വ്യക്തമായ ശിപാർശയുടെയും സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെയും അടിസ്ഥാനത്തിൽ അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ് എന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

2700-80-800-98—ഡാം സൈറ്റുകൾ മനോഹരമാക്കൽ

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

ഡാം സൈറ്റ് മനോഹരമാക്കാൻ "2700-80-800-98(NP) (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാമ്പത്തികവർഷം അവസാനിക്കാറായ സാഹചര്യത്തിൽ, ശിപാർശ ചെയ്ത 4 കോടി രൂപ അനുവദിച്ചാൽ പ്രവൃത്തി ചെയ്തു തീർക്കാൻ സാധിക്കില്ല എന്നതിനാൽ അനുവദിക്കേണ്ടതില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

2701—ഇടത്തരം ജലസേചനം

2701-01—പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്കും മറ്റ് ചെലവുകൾക്കും ഭരണവും നടത്തിപ്പിനുമായി വകയിരുത്തിയിട്ടുള്ള 6.6536 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പീച്ചി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

കരാറുകാരുടെ കുടിശ്ശിക തുക മാറുന്നതിനായി 2016/17-ലെ അവസാന ഉപധനാഭ്യർത്ഥനയിൽ 65.31 ലക്ഷം രൂപ അധികമായി വകയിരുത്തിയിരുന്നു.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

2701-80-005-94—കടമത്തോട് പദ്ധതി

കടമത്തോട് പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ ശീർഷകം ഉൾപ്പെടുത്തി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

2014/15 സാമ്പത്തികവർഷം ഒരു കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും മറ്റു തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും എന്നിരുന്നാലും വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ് എന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ഈ ശീർഷകത്തിൽ നടക്കുന്ന പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് അഡീഷണൽ ഓതറൈസേഷനായി ഫണ്ടിന് അപേക്ഷിക്കുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

2701-80-800-94—ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 2.8289 കോടി രൂപ അപര്യാപ്തമായതിനാൽ ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലിന്റെ മുല്ലപ്പെരിയാർ സെൽ ചെയർമാന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും യാത്രാബത്ത ഇനത്തിലും 4.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

നിലവിലുള്ള വിഹിതം ചെലവഴിച്ചതിനുശേഷം ആവശ്യമായ ഭരണാനുമതി ഉൾപ്പെടെയുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

4700-25—മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേയ്ക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

4 കോടി രൂപ സ.ഉ. (സാധാ.) നമ്പർ 554/2017/ധനം, തീയതി 24-1-2017 ഉത്തരവ് പ്രകാരം അധിക ധനാനുമതി അനുവദിച്ചിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

4701—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്

4701-12—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേയ്ക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്ക് ആവശ്യമായ പരിസ്ഥിതി വകുപ്പിന്റെ അനുമതി അടക്കം എല്ലാ അനുമതികളും ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ് എന്ന് പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

ശിപാർശ

4701-80-800-77—ജനറൽ-മറ്റു ചെലവുകൾ-ഡാം പുനരുദ്ധാരണ പദ്ധതി (ഡി.ആർ. ഐ.പി.)

ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഡാമുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി വകയിരുത്തിയിരിക്കുന്ന 40 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഡാം പുനരുദ്ധാരണ പദ്ധതിയുടെ കീഴിൽ 210 കോടിക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

നിലവിലെ വിഹിതം ഉപയോഗിച്ച ശേഷം പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയ ശേഷം സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക വിഹിതം വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സമിതി പരിഗണിച്ച തീയതി 8-11-2017)

## ഭാഗം III

## സമിതി പരിഗണിച്ച കരട് ചട്ടത്തെ സംബന്ധിച്ച വിവരങ്ങൾ

കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ & ലാസ്റ്റ് ഗ്രേഡ് സർവ്വീസസ്) വിശേഷാൽ ചട്ടങ്ങളിൽ (എസ്.ആർ.ഒ. നമ്പർ 212/2011) ഭേദഗതി വരുത്തി പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 690/2016, എസ്.ആർ.ഒ. നമ്പർ 150/2017 എന്നിവ 10-4-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും എസ്.ആർ.ഒ. നമ്പർ 690/2016 അംഗീകരിക്കുകയും എസ്.ആർ.ഒ. നമ്പർ 150/2017 പെൻഡിംഗിൽ വച്ച് വനിതകൾ അപേക്ഷിക്കുവാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഒഴിവാക്കണമെന്ന് പി.എസ്.സി.യോട് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## ഭാഗം IV

## സഭയുടെ മേശപ്പുറത്തുവച്ച കാലതാമസ പത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം കാലതാമസ പത്രിക സഭയുടെ മേശപ്പുറത്ത് വച്ചതു സംബന്ധിച്ച വിവരങ്ങൾ:

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|
| 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 49, 64 | 22-3-2018 |
| 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് | 31 | 22-3-2018 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 31, 34, 53, 54, 55, 56, 66, 69, 72, 73, 74, 75 | 23-8-2017 |
| | 29, 39, 40, 57, 58, 60 | 22-3-2018 |
| 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 43, 47, 62, 72, 75, 80 | 23-8-2017 |
| | 1, 2, 3, 4, 5, 6, 7, 8, 11, 12, 46 | 6-2-2018 |
| | 9, 32, 34, 35, 39, 45, 48, 49, 50, 53, 55, 56, 57, 58, 59, 60, 61, 63, 71, 74, 79 | 22-3-2018 |

കേരള നിയമസഭയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരമുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് പ്രസ്തുത കാലയളവിൽ സഭയിൽ സമർപ്പിച്ചിട്ടില്ല.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2018 ജൂൺ 21.

അനുബന്ധം

## 10-4-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 ഏപ്രിൽ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. പി. ടി. എ. റഹിം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താര സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ജി. മോഹനൻ പിള്ള, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. വി. ചന്ദ്രശേഖരൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

സമിതി, 2016ലെ കേരള വാട്ടർ അതോറിറ്റി (അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ & ലാസ്റ്റ് ഗ്രേഡ് സർവ്വീസ്) (ഭേദഗതി) ചട്ടം, 2017-18-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിയ്ക്കുകയും താഴെപ്പറയും പ്രകാരമുള്ള ഭേദഗതികളോടെ അവ അംഗീകരിക്കുകയും ചെയ്തു:

ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയാണിതെന്നും ഈ ഭേദഗതികൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടെന്നും അക്കൗണ്ട്സ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡിവിഷണൽ അക്കൗണ്ടന്റ്,

മിനിസ്റ്റീരിയൽ സർവ്വീസ്, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് മാനേജർ, ഇന്റേണൽ ഓഡിറ്റർ, ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ, ജൂനിയർ സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, അപ്പർ ഡിവിഷൻ ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II, ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, പ്യൂൺ, വാച്ച്മാൻ തുടങ്ങിയ വിവിധ തസ്തികകൾക്കു നേരെ കൂട്ടിചേർക്കേണ്ടതും ഒഴിവാക്കേണ്ടതുമായ അക്കാദമിക് യോഗ്യതകൾ, വകുപ്പുതല യോഗ്യതകൾ, തസ്തികനാമങ്ങൾ, പ്രായം എന്നിവ സംബന്ധിച്ച ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്നും ആമുഖമായി സമിതി ചെയർമാൻ പറഞ്ഞു.

സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി 11-11-2016-ന് നിലവിൽ വന്നതാണെന്നും 12(1) ഉപചട്ടം പ്രൊട്ടക്ഷൻ ക്ലോസാണെന്നും പ്രസ്തുത ഉപചട്ടത്തിന് ഭേദഗതി വന്നതിനാൽ നിയമ വകുപ്പിന്റെ അഭിപ്രായം കൂടി വേണ്ടിവരുമെന്നും The order will come into force at once എന്നാണ് എസ്.ആർ.ഒ.യിൽ വ്യക്തമാക്കിയിരിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി വിശദീകരിച്ചു.

ഇതു സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും ക്ലാരിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെന്നും ഈ ആക്ടിലെ 12-ാം ചട്ടത്തിന് മുൻകാലപ്രാബല്യത്തോടെ ഭേദഗതി വരുത്താമോയെന്ന അഭിപ്രായം ആരായുന്നതിനാണ് നിയമ വകുപ്പിന് അയച്ചതെന്നും ആക്ടിലെ 10-ാം അദ്ധ്യായത്തിലെ 64-ാം വകുപ്പാണ് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകുന്നതെന്നും മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം നൽകാത്തതിനാൽ ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാനാവില്ലെന്നും അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ് അറിയിച്ചു. രണ്ടാമത്തെ എസ്.ആർ.ഒ. നമ്പർ 150/2017-ൽ Physically handicapped and women candidates are not eligible to apply for the post of watchman എന്നാണ് പറഞ്ഞിരിക്കുന്നതെന്നും പ്രസ്തുത വ്യവസ്ഥ നേരത്തേയുണ്ടായിരുന്നതാണോയെന്നും ലിംഗ സമത്വത്തിന്റെ ഭാഗമായി വരുമ്പോൾ ആ വ്യവസ്ഥ പ്രശ്നമാകില്ലേയെന്നും സമിതി ആരായുകയും ഇത് സ്പെസിഫിക്കായി ചേർക്കണമെന്ന് പി.എസ്.സി. ആവശ്യപ്പെട്ടിരിക്കുകയാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. പ്രസ്തുത വ്യവസ്ഥ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ വനിതകളുടെ അപേക്ഷകൾ പരിഗണിക്കേണ്ടതായി വരുമെന്ന് ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി വ്യക്തമാക്കി. ചെറിയ തോതിലുള്ള അംഗവൈകല്യമാണെങ്കിൽ അപേക്ഷിക്കരുതെന്ന് പറയാൻ സാധിക്കില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

എസ്.ആർ.ഒ. നമ്പർ 690/2016 അംഗീകരിക്കുവാനും എസ്.ആർ.ഒ. (SRO No. 150/2017) പെൻഡിംഗിൽ വച്ച് വനിതകൾ അപ്ലൈ ചെയ്യാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഒഴിവാക്കണമെന്ന് പി.എസ്.സി.യോട് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റിയിൽ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ രണ്ട് രീതിയിലുള്ള നിയമനമാണുള്ളതെന്നും ഒന്ന് ഡിപ്പാർട്ട്മെന്റൽ ഇൻ സർവ്വീസ് പ്രൊമോഷനാണെന്നും അതായത് ജൂനിയർ സൂപ്രണ്ടിന്റെ പ്രൊമോഷൻ പോസ്റ്റാണെന്നും രണ്ട് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമാണെന്നും ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയുടെ M.Com Degree പാസായിരിക്കണമെന്നും അല്ലെങ്കിൽ Inter Examination of Chartered Accountant/Institute of cost and works Accountants of India തുടങ്ങിയ കോഴ്സുകൾ പാസ്സായവരെ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തണമെന്നും മൊത്തം 54 പോസ്റ്റുകളാണുള്ളതെന്നും 2:1 എന്ന അനുപാതത്തിൽ നിയമനം നടത്തുമ്പോൾ അതിൽ 18 പോസ്റ്റുകൾ ഡയറക്ട് റിക്രൂട്ട്മെന്റായി വരണമെന്നും 2016 നവംബർ മാസത്തിൽ പുറത്തിറങ്ങിയ ഗവൺമെന്റ് ഓർഡറിലെ ഏഴാമത്തെ പേജിൽ (b) for the words and brackets "Account test (Higher), Public Works Department Test and Manual of Office Procedure" the words and figure "Divisional Accounts Test Examination as per Appendix 2 VIII of Kerala Public Works Accounts Code and Manual of Office Procedure" shall be substituted എന്നാണ് പറഞ്ഞിരിക്കുന്നതെന്നും യഥാർത്ഥത്തിൽ ഇത് നേരിട്ട് നിയമനം നടത്തുന്നവർക്ക് മാത്രം ബാധകമായിട്ടുള്ളതാണെന്നും ഇൻസർവ്വീസ് പ്രൊമോഷന് ബാധകമല്ലെന്നും ഡിവിഷണൽ അക്കൗണ്ടന്റ് പോസ്റ്റുകളിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് പി.ഡബ്ല്യു.ഡി. ടെസ്റ്റ് കൂടി എഴുതേണ്ടതുണ്ടെന്നും Head Clerk/Junior Superintendent തുടങ്ങിയ താഴെത്തട്ടിലുള്ള പോസ്റ്റുകളിൽ നിന്നും വരുന്നവരെ പി.ഡബ്ല്യു.ഡി. ടെസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നും ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി വിശദീകരിച്ചതിനെത്തുടർന്ന് ഇത് സംബന്ധിച്ച് കോടതിയുടെ ഡയറക്ഷൻ എന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞു.

ഈ വിഷയം കോടതിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും പ്രസ്തുത പോസ്റ്റുകളിൽ നിയമനം ലഭിക്കുന്ന എല്ലാവർക്കും അവരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നതിന് ഈ ടെസ്റ്റ് നിർബന്ധമാക്കിയതിനാൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിക്കുകയും പ്രസ്തുത വിഷയം പ്രത്യേകം പരിഗണിക്കാമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

## 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട്

ഖണ്ഡിക 8-ൽ 1.75 കോടി രൂപ എന്നതിനു പകരം 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു

## 4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനചെലവ്-ഉപരിതലജലം-കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

2007-ൽ കാവേരി ട്രൈബ്യൂണലിന്റെ വിധി കേരളത്തിന് അനുകൂലമായി വന്നിട്ടും ഇതുവരെ അവിടെ പണി നടത്തിയിട്ടില്ലെന്നും ഈ വിഷയം വളരെ ഗൗരവമായി കാണണമെന്നും 2007 മുതൽ കാവേരി നദിയിൽ നിന്നും 30 ടി.എം.സി. ജലം തമിഴ്നാട് കൊണ്ടുപോകുകയാണെന്നും ആയതിനാൽ ആസൂത്രണത്തിനായി ഒരു ചീഫ് എഞ്ചിനീയറെ പോസ്റ്റ് ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഖണ്ഡിക 14-ൽ 10 കോടി രൂപ എന്നതിനു പകരം 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 26-ൽ 4 കോടി രൂപ എന്നതിനു പകരം 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 53-ൽ 15 കോടി രൂപ എന്നതിനു പകരം 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 57-ൽ 10 കോടി രൂപ എന്നതിനു പകരം 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 59-ൽ 30 ലക്ഷം രൂപ എന്നതിനു പകരം 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക 15 (a)-ൽ 10 കോടി രൂപ എന്നതിനു പകരം 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു എന്ന് ഭേദഗതി വരുത്തുവാൻ സമിതി തീരുമാനിച്ചു.

പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങൾക്കായി പുതിയ ശീർഷകം അനുവദിച്ച് 50 കോടി രൂപ വകയിരുത്തണമെന്നും അന്തർ സംസ്ഥാന നദീജല കർമ്മസേനയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.

## 17-5-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 മേയ് 17-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.05-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ. എം. ആരിഫ്, എം. എൽ. എ.
2. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
3. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ.
4. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
5. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.
7. ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.
8. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താര സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്

3. ശ്രീ. വി. രാജപ്പൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) ജലസേചനവകുപ്പ്

5. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ, (പ്രോജക്ട്-II)

6. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്

7. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്

8. ശ്രീമതി ഡി. സുമ, ജോയിന്റ് ഡയറക്ടർ (മോണിറ്ററിംഗ്), ചീഫ് എഞ്ചിനീയറുടെ ഓഫീസ്

9. ശ്രീ. ടി. പി. ശ്യാം, ഡെപ്യൂട്ടി ഡയറക്ടർ., ഐ.എസ്.ഡബ്ല്യു., ഐ.ഡി.ആർ.ബി.

10. ശ്രീമതി വി. ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു., ഐ.ഡി.ആർ.ബി.

11. ശ്രീ. വി. എസ്. ഷാജി, സൂപ്രണ്ടിംഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ)

12. ശ്രീമതി പി. ആർ. ഗീത, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്പ്മെന്റ് സർക്കിൾ, ചെങ്ങന്നൂർ

13. ശ്രീ. എസ്. തിലകൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം

14. ശ്രീ. കെ. പി. രവീന്ദ്രൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ കോഴിക്കോട്

15. ശ്രീ. പി. ജി. ഹരികുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്

16. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ).

സമിതി, 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രികകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

ശിപാർശ നമ്പർ : 10, 13-31, 33, 36, 38, 40, 42, 44, 45, 51, 52, 54, 65-70, 73, 77, 78, 81-86

2016-17-ലെ ബഡ്ജറ്റിൽ മിക്ക ഹെഡുകൾക്കും അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, 30-11-2016 വരെയുള്ള കണക്കാണ് സമർപ്പിച്ചിട്ടുള്ളതെന്നും മാർച്ച് മാസമാകുമ്പോഴേക്കും ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായും ചെലവഴിക്കുമെന്നും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. (ഐ. & എ.) അറിയിച്ചു.

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സെപ്റ്റംബർ മാസത്തിലാണ് സഭയിൽ സമർപ്പിച്ചതെന്നും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾക്കുള്ള മറുപടിയാണിതെന്നും അധികമായി വകയിരുത്താൻ ആവശ്യപ്പെട്ടതിൽ എത്ര തുക അനുവദിച്ചു എന്നതാണ് ഇപ്പോൾ പരിശോധിക്കുന്നതെന്നും സമിതിയുടെ പരിഗണനയ്ക്കായി വന്നിട്ടുള്ള എല്ലാ ഹെഡുകളിലെയും 31-3-2017 വരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2700-12-101-98-18—<u>പഴശ്ശി പദ്ധതി</u>

ഈ ഹെഡിൽ ചെലവഴിച്ച തുകയുടെ ശതമാനം തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി ഏതു വർക്കിനാണ് പ്രസ്തുത ഹെഡിലെ പണം ഉപയോഗിക്കുന്നതെന്ന് ആരാഞ്ഞതിന് പഴശ്ശി പദ്ധതിയുടെ അറ്റകുറ്റപ്പണികളാണ് നടത്തുന്നതെന്നും എല്ലാ വർഷവും മെയിന്റനൻസ് നടത്തുന്നുണ്ടെന്നും സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുന്നത് താമസിച്ചാണെന്നും കൂടാതെ മുൻവർഷത്തെ ചെലവ് കുറവായിരിക്കാമെന്നും സ്പിൽഓവറായാണ് തുക കൊടുക്കുന്നതെന്നും ഡിസംബർ മാസത്തിലാണ് വർക്ക് അറേഞ്ച് ചെയ്യുന്നതെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട് മറുപടി നൽകി.

പ്രസ്തുത വിശദീകരണത്തെ തുടർന്ന് ഡിസംബർ വരെ 5.25% മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് പറയുന്നത് ശരിയല്ലെന്നും ഈ വിഷയം പ്രത്യേകം പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2016-17-ൽ അറേഞ്ച് ചെയ്ത വർക്കുകൾ ആരംഭിച്ചത് ഒന്നരമാസം മുമ്പാണെന്നും നോട്ടിൽ ചെലവ് സംബന്ധിച്ച് സൂചിപ്പിച്ചിരിക്കുന്ന തുക മുൻ വർഷത്തേതാണെന്നും എല്ലാ വർക്കുകൾക്കും എഫ്.എസ്., എ.എസ്., ടി.എസ്. എന്നിങ്ങനെയുള്ള നടപടിക്രമങ്ങൾ ഉണ്ടെന്നും ഇത് മാർച്ച് മാസത്തിലാണ് പൂർത്തിയാക്കുന്നതെന്നും തുടർന്ന് മാർച്ച് 31-ന് മുമ്പ് ടെണ്ടർ ചെയ്ത് വർക്ക് അറേഞ്ച് ചെയ്യുമെന്നും 2016-17-ൽ ടെണ്ടർ ചെയ്ത വർക്കുകളാണ് ഇപ്പോൾ നടക്കുന്നതെന്നും കഴിഞ്ഞ വർഷത്തെ ചെലവ് തൊട്ട് മുന്നിലത്തെ വർഷത്തേതാണെന്നും പെൻഡിംഗ് ബില്ലിന്റെ ക്ലിയറൻസ് അനുസരിച്ചാണ് എക്സ്പെൻഡിച്ചർ വരുന്നതെന്നും എല്ലാ വർഷവും 100 ശതമാനത്തിനോടടുത്ത് ചെലവ് വരാറുണ്ടെന്നും ചീഫ് എഞ്ചിനീയർ, (പ്രോജക്ട് II) തുടർന്ന് അറിയിച്ചു.

2700-12-101-98-18—പഴശ്ശി പദ്ധതി എന്ന ഹെഡിൽ 5.25% ചെലവ് രേഖപ്പെടുത്തിയത് എങ്ങനെയെന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

2700-17-101-98-18—<u>ചിറ്റൂർ പുഴ പദ്ധതി</u>

ചിറ്റൂർ പുഴ പദ്ധതിയിൽപ്പെട്ട കനാൽ മുഴുവനും പൊട്ടിപ്പൊളിഞ്ഞിരിക്കുകയാണെന്നും അനുവദിച്ച തുക പോലും അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുന്നില്ലെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതി സംബന്ധിച്ച് നടത്തിയ പ്രവൃത്തികളുടെ വിശദാംശം ആരാഞ്ഞു.

വർക്കുകൾ നടക്കുന്നുണ്ടെന്നും നോൺപ്ലാനിലെല്ലാം ചെലവ് 100 ശതമാനത്തിനടുത്ത് എത്താറുണ്ടെന്നും വർക്കെല്ലാം അറേഞ്ച് ചെയ്തിട്ടുണ്ടെന്നും ഇതു സംബന്ധിച്ച മറുപടി ചിറ്റൂരിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട് അറിയിച്ചു.

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഇനിയും നടപടി പത്രികകൾ ലഭ്യമാക്കാത്ത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് ആയത് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതിയോഗം വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.

## 19-7-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 ജൂലൈ 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. പി. ടി. എ. റഹിം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II), തിരുവനന്തപുരം
4. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്
5. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്
6. ശ്രീമതി റോസമ്മ ജോൺ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
7. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ), ചീഫ് എഞ്ചിനീയറുടെ ഓഫീസ്
8. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
9. ശ്രീ. ടി. പി. ശ്യാം, ഡെപ്യൂട്ടി ഡയറക്ടർ, ഐ.ഡി.ആർ.ബി.

സമിതി, വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമായ നടപടി പത്രികകളും, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രികകൾ സമിതി അംഗീകരിച്ചു:</u>

1 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3050/സബ്.സി.എ 1/12/നി.സെ.)
ശിപാർശ നമ്പർ 11, 22, 42

2 2013-14 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 2788/സബ്.സി.എ 1/13/നി.സെ.)
ശിപാർശ നമ്പർ 46, 53, 54, 85

3 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3449/സബ്.സി.എ 1/14/നി.സെ.)
ശിപാർശ നമ്പർ 31, 34, 53-56, 66, 69, 72-75

4 31-10-2012-ലെ യോഗനടപടിക്കുറിപ്പ് - അനന്തരനടപടി സംബന്ധിച്ച്
(ഫയൽ നമ്പർ 5084/സബ്.സി.എ 1/16/നി.സെ.)

ജലസേചന പദ്ധതികളുടെ പ്രോജക്ട് മെയിന്റനൻസിന് ലഭിച്ച തുക അടിയന്തരമായി നൽകണമെന്നുള്ള സമിതി നിർദ്ദേശത്തിന്മേൽ ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

ഫ്ലൂറൈഡ് കലർന്ന വെള്ളം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെന്നും വാളയാർ, കൊഴിഞ്ഞാമ്പാറ എന്നീ പ്രദേശങ്ങൾ ഫ്ലൂറൈഡ് ബാധിത പ്രദേശങ്ങളായി ഡിക്ലയർ ചെയ്തിട്ടുണ്ടെന്നും മറ്റ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പരിശോധന നടത്തുമ്പോഴാണ് ഇത് കണ്ടെത്തുന്നതെന്നും പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലാണ് ഫ്ലൂറൈഡിന്റെ സാന്നിധ്യം ഉള്ളതെന്നും സമിതി ചൂണ്ടിക്കാട്ടുകയും ജലനിധി കൊടുക്കുന്ന വെള്ളത്തിൽ ഫ്ലൂറൈഡിന്റെ സാന്നിധ്യം എവിടെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോയെന്നും ആരായുകയും ചെയ്തതിന് ശുദ്ധീകരിച്ച വെള്ളമാണ് വിതരണം ചെയ്യുന്നതെന്നും ഫ്ലൂറൈഡിന്റെ സാന്നിധ്യം പരിശോധിക്കാമെന്നും സെക്രട്ടറി (ജലവിഭവ വകുപ്പ്) അറിയിച്ചു.

ജലനിധി സംബന്ധിച്ച് വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ ആശങ്കകൾ പ്രകടിപ്പിക്കുന്നുണ്ടെന്നും വാട്ടർ അതോറിറ്റിക്ക് എല്ലാ ഗ്രാമീണ മേഖലകളിലും വെള്ളം നൽകാൻ കഴിയില്ലെന്നും വേൾഡ് ബാങ്കിന്റെ സഹായത്തോടെ ജലനിധിയുടെ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് പരമാവധി ദീർഘിപ്പിക്കാമെന്നും ഗ്രാമീണ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകുന്ന രീതി ഇല്ലാതായെന്നും ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് പരമാവധി വെള്ളം കൊടുക്കാവുന്ന തരത്തിൽ ബൾക്ക് വാട്ടർ സപ്ലൈ എന്ന ആശയം കൊണ്ടുവരികയാണെന്നും ബെനിഫിഷ്യറി ഗ്രൂപ്പ് വാട്ടർ അതോറിറ്റിക്ക് നേരിട്ട് പേമെന്റ് നടത്തണമെന്നും, ജലനിധി സ്കീമുകളിൽ വെള്ളമില്ലാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ബൾക്ക് വാട്ടർ ബെനിഫിഷ്യറി ഗ്രൂപ്പ് വഴി കൊടുക്കണമോ വേണ്ടയോ എന്ന വിഷയം പരിശോധിക്കാമെന്നും മുപ്പത് ശതമാനത്തോളം ബെനിഫിഷ്യറി ഗ്രൂപ്പുകൾ വർക്ക് ചെയ്യുന്നില്ലെന്നും നിലവിലുള്ള പദ്ധതികൾ നിലനിർത്തി പരമാവധി വെള്ളം എത്തിക്കുകയെന്നതാണ് ലക്ഷ്യമെന്നും വെളിപ്പെടുത്തി.

എൻ.ഐ.ടി.ക്ക് വർക്ക് നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് സമിതി ആരാഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ കാര്യക്ഷമമാകേണ്ടതുണ്ടെന്നും എൻ.ഐ.ടി. വാട്ടർ അതോറിറ്റിയുടെ കൺസ്യൂമറായതിനാൽ അവർക്ക് വർക്ക് കൊടുക്കുന്നതിൽ തടസ്സമില്ലെന്നും ബെനിഫിഷ്യറി ഗ്രൂപ്പുകൾ വാട്ടർ അതോറിറ്റിയുടെ കൺസ്യൂമർ അല്ലാത്തതിനാൽ വർക്ക് നൽകുവാൻ കഴിയില്ലായെന്നും സെക്രട്ടറി (ജലവിഭവ വകുപ്പ്) അറിയിച്ചു.

II. <u>സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്തിയ ഫയലുകൾ</u>

(1) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4929/സബ്.സി.എ 1/2011/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 49, 64 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് നെയിം കവർ കത്തുകളുൾപ്പെടെ അയച്ചുവെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ഇത് സംബന്ധിച്ച മറുപടി അടിയന്തരമായി ലഭ്യമാക്കാമെന്ന് 21-1-2014-ലെ യോഗത്തിൽ വകുപ്പുസെക്രട്ടറി ഉറപ്പ് നൽകിയിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും 2011-12 മുതൽ 2014-15 വരെയുള്ള റിപ്പോർട്ടുകളിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് അത് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് അടുത്ത സമിതി യോഗത്തിന് മുമ്പായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(2) 21-10-2014-ലെ സമിതി നിർദ്ദേശം-അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 14318/സബ്.സി.എ 1/2010/നി.സെ.)

21-10-2014-ലെ സമിതിയോഗ നിർദ്ദേശപ്രകാരമുള്ള നടപടി സ്റ്റേറ്റ്മെന്റ് മൂന്ന് വർഷം കഴിഞ്ഞിട്ടും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ആയത് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

III. <u>2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് ഭേദഗതികളൊന്നുമില്ലാതെ സമിതി അംഗീകരിച്ചു.</u>

## (2012-13)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

2701-80-005-97—<u>അന്വേഷണവും രൂപകൽപ്പനയും</u>

പുതിയതായി രൂപകൽപ്പന ചെയ്ത പദ്ധതികളെ സംബന്ധിച്ചും ഓഫീസ് നവീകരണത്തിനായി തുക ചെലവഴിച്ചതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടത്തെക്കുറിച്ചുമുള്ള വിശദാംശം സമിതി ആരാഞ്ഞതിന് വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ബാവിക്കര പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയാക്കി ഡിസൈൻ കൊടുത്തിരിക്കുകയാണെന്നും മീനച്ചിൽ റഗുലേറ്ററുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഐ.ഡി.ആർ.ബി. അറിയിച്ചു.

നിലവിലുള്ള മേജർ ഇറിഗേഷൻ പദ്ധതികളെക്കുറിച്ചും കേരളത്തിലെ മഴവെള്ളത്തിന്റെ ലഭ്യതയെക്കുറിച്ചുമുള്ള വിവരങ്ങൾ സമിതി ആരാഞ്ഞതിന് 3000 റ്റി.എം.സി. വെള്ളമാണ് ഇപ്പോൾ ലഭിക്കുന്നതെന്നും അതിൽ 5 മുതൽ 10 ശതമാനം വരെ ഉപയോഗിക്കാമെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ് I) കോഴിക്കോട് വ്യക്തമാക്കുകയും പ്രസ്തുത വിഷയം പ്രത്യേകമായി പരിഗണിക്കാമെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

300 റ്റി.എം.സി.ക്ക് താഴെ മാത്രമേ വെള്ളം ഉപയോഗിക്കുന്നുള്ളുവെന്നും 1500 റ്റി.എം.സി. ഉപയോഗിക്കാൻ കഴിയുമെന്ന് തെളിയിച്ച പഠന റിപ്പോർട്ടുകളുണ്ടെന്നും തമിഴ്നാട് ആകെ ലഭ്യമായ 800 റ്റി.എം.സി.യിൽ നിന്നും 790 റ്റി.എം.സി. വെള്ളവും ഉപയോഗിക്കുന്നുണ്ടെന്നും ഫ്ലഡ് വാട്ടർ ഉപയോഗിച്ച് കാവേരിയിൽ നിന്നും പതിനൊന്നായിരം കോടി രൂപയുടെ പ്രോജക്റ്റിന് അനുമതി ലഭിച്ചത് ഇതിനുപുറമെയാണെന്നും നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന 1500 റ്റി.എം.സി. വെള്ളം ടാപ്പ് ചെയ്യാൻ യാതൊരു നടപടിയും വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും അങ്ങനെ 1500 റ്റി.എം.സി. ജലം ഉപയോഗിച്ചത് സംബന്ധിച്ച കരട് റിപ്പോർട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടുകയും പ്രസ്തുത റിപ്പോർട്ടിനെ സംബന്ധിച്ച വിശദാംശം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

കാവേരി ട്രിബ്യൂണൽ 30 റ്റി.എം.സി. ജലം അനുവദിച്ചിട്ടുണ്ടെന്നും ആ പദ്ധതിയുടെ ടേംസ് ഓഫ് റഫറൻസിൽ സ്റ്റേ പറഞ്ഞിരിക്കുന്നതെന്നും വിശദീകരിച്ച സമിതി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്റ്റിൽ നിലവിൽ എത്ര റ്റി.എം.സി. ജലമാണുള്ളതെന്നും കാവേരി നദിയിൽ നിന്നും കേരളത്തിന് അനുവദിച്ച 30 റ്റി.എം.സി. ജലം ഉപയോഗിക്കുന്നുണ്ടോ യെന്നും അത് എങ്ങനെയാണ് ഉപയോഗിക്കുന്നതെന്നും ആരാഞ്ഞു. കാവേരി നദിയിലെ 30 റ്റി.എം.സി. ജലം റെഗുലേറ്റർ ചെക്ക് ഡാമുകൾവഴി ഉപയോഗിക്കുന്നുണ്ടെന്നും മേജർ പ്രോജക്റ്റ് ചെയ്യുന്നതിന് പ്രശ്നങ്ങളുണ്ടെന്നും സെക്രട്ടറി, ജലവിഭവവകുപ്പ് വെളിപ്പെടുത്തി.

എ.വി.ഐ.പി., കല്ലാർ തുടങ്ങിയ പ്രോജക്റ്റുകളാണ് സർക്കാർ ഇപ്പോൾ ടേക്കപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും എ.വി.ഐ.പി. പ്രോജക്റ്റിന്റെ ഭാഗമായി അട്ടപ്പാടിയിൽ പരിസ്ഥിതി ആഘാത പഠനം നടത്താൻ പോലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നില്ലായെന്നതാണ് ഇപ്പോഴത്തെ അവസ്ഥയെന്നും ഇതിനെതിരെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ഏക്കർ കണക്കിന് ഭൂമി കയ്യേറിയിട്ടുണ്ടെന്നും വെളിപ്പെടുത്തി. ഏറ്റെടുത്ത ഭൂമി കയ്യേറിയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

അന്തർ സംസ്ഥാന നദീജല കരാറിനായി ഒരു പ്രത്യേക വിംഗ് പ്രവർത്തിക്കുന്നുണ്ടെന്നും നദീജല കരാറുമായി ബന്ധപ്പെട്ട കേസുകൾ അവരാണ് പരിശോധിക്കുന്നതെന്നും കേരളത്തെ സംബന്ധിച്ച് ഐ.എ. ഫയൽ ചെയ്യാനുള്ള കേസുകളൊന്നും വന്നിട്ടില്ലെന്നും കാവേരി, മുല്ലപ്പെരിയാർ, പറമ്പിക്കുളം, നെയ്യാർ എന്നിവയാണ് പെന്റിംഗ് കേസുകളെന്നും പറമ്പിക്കുളത്തിന്റേത് നഷ്ടപരിഹാര കേസാണെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), തിരുവനന്തപുരം വെളിപ്പെടുത്തി.

വാമനപുരം പ്രോജക്ട് ഏത് ഘട്ടത്തിലാണെന്ന സമിതിയുടെ ചോദ്യത്തിന് അത് ആർ.സി.ബി.സി.യിലേയ്ക്ക് മാറ്റിയെന്നും അത് ഫൈനൽ പ്രോജക്ടാണെന്നും ഇപ്പോൾ അവിടെ മൂന്ന് ആർ.സി.ബി.സി. പ്രൊപ്പോസ് ചെയ്യുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), തിരുവനന്തപുരം അറിയിച്ചു. വാമനപുരത്ത് ഒരു ഡാം പണിയണമെന്നുള്ള ഡിമാന്റ് വന്നിട്ടുണ്ടെന്നും സർക്കാരിന്റെ പോളിസി അനുസരിച്ച് പ്രസ്തുത സ്ഥലത്ത് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്നും വാമനപുരത്ത് ഡാം നിർമ്മിക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 8-11-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 നവംബർ 8-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. വി. ടി. ബൽറാം, എം. എൽ. എ.
2. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
3. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ജോഷി കെ. എ., ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
4. ശ്രീ. ബാലൻ എ. പി., ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), ജലസേചന വകുപ്പ്
5. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II), ജലസേചന വകുപ്പ്
6. ശ്രീമതി ടി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്, ആലപ്പുഴ
7. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
8. ശ്രീ. സുധീർ പി., ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ
9. ശ്രീമതി ഹഫ്സാബീവി എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ
10. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ് (ഐ. & എ.)
11. ശ്രീ. കെ. ഹരി ഗോപാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, ചെങ്ങന്നൂർ
12. ശ്രീ. വർഗ്ഗീസ് മത്തായി കെ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡിവിഷൻ, കോട്ടയം
13. ശ്രീ. കെ. പി. ഹരൻബാബു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ, തണ്ണീർമുക്കം
14. ശ്രീമതി വി. ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു.

15. ശ്രീമതി ശോശാമ്മ പി. വി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് സർക്കിൾ, കോട്ടയം

16. ശ്രീമതി ഗീത പി. ആർ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് ഡിവിഷൻ സർക്കിൾ, ചെങ്ങന്നൂർ

17. ശ്രീ. ജോസ് ജെയിംസ്, സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

18. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ് (ഐ. & എ.)

19. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, (പ്രോജക്ട്-II), ജലസേചന വകുപ്പ്

20. ശ്രീ. പി. എം. മണി, സീനിയർ ഫിനാൻസ് ഓഫീസർ, കുട്ടനാട് പാക്കേജ്.

സമിതി, 'കുട്ടനാട് പാക്കേജിന്റെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതിയും ഇപ്പോഴത്തെ അവസ്ഥയും വിലയിരുത്തൽ ' എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും, 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III എല്ലാ മാസവും യോഗം ചേരണമെന്നും സമിതിയുടെ അടുത്ത യോഗം 2017 ഡിസംബർ മാസം ആദ്യത്തെ ആഴ്ച ചേരാവുന്നതാണെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

1. <u>കുട്ടനാട് പാക്കേജിന്റെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതിയും ഇപ്പോഴത്തെ അവസ്ഥയും വിലയിരുത്തൽ</u>

ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സമർപ്പിച്ച കുട്ടനാട് പാക്കേജിൽ 15 പ്രോജക്ടുകളാണുള്ളതെന്നും അതിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക-ഓരുവെള്ള നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, നെൽകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകൽ എന്നീ രണ്ടു പ്രോജക്ടുകളാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടതെന്നും തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണം, തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, കായൽ ഏരിയായിലെ സി. ആന്റ് ഡി. ബ്ലോക്ക് പാടശേഖരങ്ങളുടെ ഇടയിലുള്ള കൊച്ചാർ തുറക്കൽ, എ. സി. കനാലുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികൾ എന്നിങ്ങനെ നാല് പദ്ധതികളാണ് കുട്ടനാട്ടിലെ

വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നെൽകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യം നൽകുന്ന പാടശേഖരത്തിന്റെ ബണ്ട് സംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള KEL-I-ൽ നെടുമുടി പഞ്ചായത്തിലെ പതിനാല് പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും KEL-II-ൽ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ നാല് പാടശേഖരങ്ങളുടെയും ഗ്രൂപ്പ് -9-ൽപ്പെട്ട അഞ്ച് പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും KEL-III-ൽ കുട്ടനാട് മേഖലയിലെ ഫേസ്-1-ൽപ്പെട്ട 231, കുട്ടനാട് താലൂക്കിലെ 397, വീയപുരം പഞ്ചായത്തിലെ 411 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും KEL-IV-ൽ ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളുടെ പ്രവൃത്തികളും ചേർത്തല ഭാഗത്തുള്ള ഓരുമുട്ടുകളുടെ പുനരുദ്ധാരണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു. തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണത്തിന് 255 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നും പദ്ധതിയ്ക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചുവെങ്കിലും ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റി (ഐ.എം.സി.)യുടെ അംഗീകാരം ലഭിക്കാനുണ്ടെന്നും തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതിയ്ക്കായി 13.49 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അതനുസരിച്ച് പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ പുതുക്കിയ ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ (എഫ്.എം.പി.) മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് 40 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ മാത്രമേ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ വീയപുരം പഞ്ചായത്തിലെ പാടശേഖരങ്ങൾ കൂടി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്താൻ പ്രോസ്പിരിറ്റി കൗൺസിൽ മീറ്റിംഗിൽ തീരുമാനിക്കുകയും അതനുസരിച്ച് സമീപത്തുള്ള വീയപുരം പഞ്ചായത്തിലെ നാല് പാടശേഖരങ്ങൾ കൂടി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 47 കോടി രൂപയുടെ പദ്ധതിരേഖ സ്റ്റേറ്റ് ടി.എ.സി. അംഗീകരിച്ചുവെന്നും പുതുക്കിയ ഡി.പി.ആർ. ഭരണാനുമതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ലെന്നും മുൻപുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പിൽവേയുടെ നിലവിലുള്ള പഴയ ഷട്ടറുകളെല്ലാം മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും 651 പാടശേഖരങ്ങളുടെ പ്രവൃത്തികൾ ഉൾപ്പെട്ട കുട്ടനാട് പാക്കേജിലെ 127 പാടശേഖരങ്ങളുടെ വർക്കുകളും 574 കിലോമീറ്റർ ബണ്ട് നിർമ്മാണവും 12500 ഹെക്ടർ ആയക്കെട്ട് നിർമ്മാണവും പൂർത്തീകരിച്ചുവെന്നും ഇതിനായി 584 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് വ്യക്തമാക്കി.

റാണി, ചിത്തിര എന്നീ കായൽ നിലങ്ങളിലെ ആയിരം ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് കൃഷിയിറക്കാൻ സാധിച്ചിട്ടുണ്ടെന്നും പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കിയതിനുശേഷം എല്ലാ പാടശേഖരങ്ങളിലും രണ്ട് കൃഷി നടപ്പിലാക്കി വരുന്നുണ്ടെന്നും 25 വർഷമായി കൃഷി ചെയ്യാതിരുന്ന റാണി, ചിത്തിര

കായൽ നിലങ്ങളിൽ കഴിഞ്ഞ രണ്ട് വർഷമായി മടവീഴ്ച ഭീഷണിയില്ലാതെ കൃഷി ചെയ്യുകയും നെല്ലുല്പാദനത്തിൽ പുരോഗതി കൈവരിക്കുകയും ചെയ്തുവെന്നും പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുവേണ്ടിയാണ് റാണി, ചിത്തിര, സി. ആന്റ് ഡി. ബ്ലോക്കുകൾക്കിടയിൽ കൊച്ചാർ ഓപ്പൺ ചെയ്തതെന്നും മുൻകാലങ്ങളിൽ സി. ആന്റ് ഡി. ബ്ലോക്കുകളിൽ ഒരുമിച്ചാണ് കൃഷി ചെയ്തിരുന്നതെന്നും കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചതെന്നും ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ പണികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളുവെന്നും മൂന്നാം ഘട്ടം മൺചിറയായി നിലനിർത്തുകയായിരുന്നുവെന്നും ഈ ഭാഗം റെഗുലേറ്റർ-കം-ബ്രിഡ്ജായി പുനർനിർമ്മിച്ച് ഓരുവെള്ള നിയന്ത്രണവും വെള്ളപ്പൊക്ക നിയന്ത്രണവും സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇത് നെൽകർഷകർക്ക് വളരെയധികം ഗുണകരമായിരിക്കുമെന്നും ഒന്നും രണ്ടും ഘട്ടം ഷട്ടറുകളുടെ നവീകരണവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മൂന്നാംഘട്ട പ്രവൃത്തികളുടെ 75% പൂർത്തീകരിച്ചെന്നും ബാക്കി പ്രവൃത്തികൾ പുരോഗതിയിലാണെന്നും പുറംബണ്ട് നിർമ്മിക്കാൻ സാധിക്കാത്ത പല പാടങ്ങളും മിച്ചഭൂമിയായി കിടക്കുകയാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ വിശദമാക്കി. കുട്ടനാട് പാക്കേജിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

കൃഷി വ്യാപനവുമായി ബന്ധപ്പെട്ട് നാളിതുവരെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള വിശദാംശം സമിതി ആവശ്യപ്പെട്ടതിന് കെ.ഇ.എൽ.-I സ്കീമിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും അനുബന്ധ പ്രവൃത്തികളും നടപ്പാക്കിയതിനുശേഷം പാടങ്ങളിൽ മടവീഴ്ച സംഭവിക്കാത്തതിനാൽ ഗവൺമെന്റിന് നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാദ്ധ്യത ഒഴിവായിട്ടുണ്ടെന്നും എല്ലാ പാടശേഖരങ്ങളിലും രണ്ട് കൃഷി നടപ്പിലാക്കിയതിലൂടെ നെല്ലുല്പാദനം വർദ്ധിപ്പിക്കുവാനും കർഷകർക്ക് വിത്ത്, വളം, വിളവെടുപ്പ് എന്നിവ സുഗമമാക്കുന്നതിനും വിപണനത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുവാനും സാധിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ മറുപടി നൽകി.

കെ.ഇ.എൽ. I-ൽ ഉൾപ്പെട്ട പാടശേഖരങ്ങളിൽ നിർമ്മിച്ച ബണ്ട് റോഡുകളെ സംബന്ധിച്ചുള്ള വിശദാംശം സമിതി ആരാഞ്ഞു. നാട്ടുകാരുടെ ആവശ്യപ്രകാരം കുറെ സ്ഥലങ്ങളിൽ ബണ്ട് റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം തുടങ്ങിയവ കൊണ്ടുപോകാൻ വേണ്ടി മാത്രമാണ് ഇത് ഉപയോഗിക്കുന്നതെന്നും ആദ്യം രണ്ട് മീറ്റർ വീതിയിൽ നിർമ്മിച്ചിരുന്ന ബണ്ട് റോഡിന്റെ ഇപ്പോഴത്തെ പരമാവധി വീതി 3 മീറ്ററാണെന്നും സംരക്ഷണം നടത്തിയ ഏരിയ 574.83 ഹെക്ടർ, പൂർത്തീകരിച്ച ബണ്ടിന്റെ നീളം 39.94 കി.മീ., മോട്ടോർ തറ/ഷെഡ് 37 എണ്ണം, പൊതുമട 8 എണ്ണം,

ബോക്സ്/പൈപ്പ് കൾവർട്ട് 11 എണ്ണം തുടങ്ങിയവയാണ് കെ.ഇ.എൽ. I-ൽ കൈവരിച്ച നേട്ടങ്ങളെന്നും പാടശേഖരങ്ങളുടെ ഇടയിലുള്ള കൊച്ചാർ തുറന്നതിനാൽ വെള്ളപ്പൊക്കത്തിലെ മടവീഴ്ചയിൽ നിന്നും കുട്ടനാട്ടിലെ ബാക്കി പാടശേഖരങ്ങളെ സംരക്ഷിക്കാൻ സാധിച്ചുവെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ, തണ്ണീർമുക്കം മറുപടി നൽകി.

കെ.ഇ.എൽ. 2 സ്കീം, അത് കൈവരിച്ച നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് സംരക്ഷണം നടത്തിയ ഏരിയ -3265.91 ഹെക്ടർ, പൂർത്തീകരിച്ച ബണ്ടിന്റെ നീളം 65.448 കി.മീ., മോട്ടോർ തറ/ഷെഡ് - 94 എണ്ണം, പൊതുമട-14 എണ്ണം തുടങ്ങിയവയാണ് നേട്ടങ്ങളെന്നും കെ.ഇ.എൽ. 1-ലെ പുറംബണ്ടിൽ ആളുകൾ താമസിക്കുന്നുണ്ടെന്നും കെ.ഇ.എൽ.-2 കായൽ ഏരിയ ആയതിനാൽ താമസക്കാർ കുറവാണെന്നും കായൽ ഏരിയയായതിനാൽ 3 മീറ്റർ വീതിയിൽ മുകൾഭാഗവും 8 മീറ്റർ വീതിയിൽ താഴ്ഭാഗവും ചെയ്തിട്ടുണ്ടെന്നും നേരത്തെ ചിറകൾ ഉണ്ടായിരുന്നെന്നും മടവീഴ്ച സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ അതിനെ കുറച്ചുകൂടി വീതി കൂട്ടിയെടുക്കുകയാണ് ചെയ്തിട്ടുള്ളതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

കുട്ടനാട് മേഖലയിൽ കൃഷിയുമായി ബന്ധപ്പെട്ട് കൈവരിച്ച നേട്ടം, ഇപ്പോൾ കൃഷി ചെയ്യുന്ന പാടശേഖരങ്ങളുടെ വിശദാംശം, ബാക്കിയുള്ളവയുടെ അവസ്ഥ ഇവ സംബന്ധിച്ച വിശദീകരണം സമിതി ആവശ്യപ്പെട്ടതിന് കെ.ഇ.എൽ. 2 -ൽ ഉൾപ്പെടുന്നതാണ് റാണി, ചിത്തിര എന്നീ പാടശേഖരങ്ങളെന്നും അവിടെ 25 വർഷമായി കൃഷിയില്ലായിരുന്നുവെന്നും ഇപ്പോൾ കൃഷിക്കായി 158 പാടശേഖരങ്ങളാണെടുത്തതെന്നും 52610 ഹെക്ടർ സ്ഥലമാണ് കൃഷിക്കായി പ്രൊപ്പോസ് ചെയ്തതെന്നും 158 പാടശേഖരങ്ങളിൽ നിന്നും 12500 ഹെക്ടർ സ്ഥലമാണ് കൃഷിക്കായി എടുത്തതെന്നും കെ.ഇ.എൽ. 1-നും കെ.ഇ.എൽ. 2-നും ഡി.പി.ആർ. തുകയുതന്നെ അനുമതി ലഭിച്ചുവെന്നും 379.05 കോടി രൂപയുടെ പ്രോജക്ടിനുവേണ്ടിയുള്ള കെ.ഇ.എൽ. 3-നായി കേന്ദ്രസർക്കാർ അംഗീകരിച്ച തുക 106.13 കോടി രൂപയാണെന്നും അതിനുള്ള പ്രവൃത്തികൾ മാത്രമേ ചെയ്തിട്ടുള്ളൂവെന്നും കെ.ഇ.എൽ. 4-ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി കേന്ദ്രസർക്കാർ അംഗീകരിച്ച തുക 30 കോടി രൂപയാണെന്നും അതിൽ 5 വാട്ടർഷെഡുകളിലെ വർക്കുകളാണ് ഇപ്പോൾ എടുത്തിരിക്കുന്നതെന്നും കൃഷിക്കായി ഏറ്റെടുത്ത 12500 ഹെക്ടർ സ്ഥലത്തിലെ 1100 ഹെക്ടർ സ്ഥലം കൃഷിക്ക് അനുയോജ്യമാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ, തണ്ണീർമുക്കം വിശദീകരിച്ചു.

അപ്പർ കുട്ടനാട്ടിലെ വൈക്കം താലൂക്കിൽ കുട്ടുമ്മുരുത്തി മേഖലയിൽ കൃഷിക്കായി രൂപീകരിച്ച മേഖലയുടെ ഇപ്പോഴത്തെ അവസ്ഥ സമിതി ആരാഞ്ഞു. പ്രസ്തുത മേഖലയിൽ കരാറുകാർ പണി പൂർത്തീകരിച്ചുവെന്നും അതിനാവശ്യമായ തുക അവർക്കു നൽകിയെന്നും

കല്ലറ പഞ്ചായത്തിലെ മുണ്ടാറിലുള്ള രണ്ട് പാടശേഖരങ്ങളുടെ പണി റദ്ദ്ചെയ്യുവെന്നും അത് റീടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നും കുട്ടനാട് ഡിവിഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും കരിയാർ ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ച ശേഷം അത് ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും സമിതി ആരാഞ്ഞു. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ കരിയാർ ബ്രിഡ്ജ്, എസി കനാലിന്റെ ഫസ്റ്റ് ഫേസിന്റെ പണി എന്നിവയാണെന്നും കരിയാർ ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ച ശേഷം അത് ഉപയോഗിക്കുന്നതിന് കുഴപ്പമൊന്നുമില്ലെന്നും അതിന്റെ ഡൗൺ സ്ട്രീമിലെ കുറച്ച് ഭാഗങ്ങൾ ഇടിഞ്ഞ് പോയിട്ടുണ്ടെന്നുള്ള പരാതി അടുത്തകാലത്ത് വന്നിട്ടുണ്ടെന്നും അതിന്റെ ഇരുകരകളിലെ അപ്സ്ട്രീമിലും ഡൗൺ സ്ട്രീമിലുമായി 100 മീറ്ററോളം പണികൾ ചെയ്തിട്ടുണ്ടെന്നുമുള്ള ചീഫ് എഞ്ചിനീയറുടെ വിശദീകരണത്തെ തുടർന്ന് മത്സ്യത്തൊഴിലാളികളും കർഷകരും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടെന്നും വളരെ രമ്യമായി പരിഹരിക്കേണ്ട വിഷയമാണിതെന്നും ഇക്കാര്യം ഗൗരവകരമായി പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

കുട്ടനാട് പദ്ധതി പ്രദേശത്തെ കനാലിൽ മെക്കാനിക്കൽ വിഭാഗമാണ് ഡ്രെഡ്ജിംഗ് നടത്തിയതെന്നും ഡ്രെഡ്ജിംഗിൽ ലഭിച്ച മണ്ണും ചെളിയും തോട്ടപ്പള്ളി ഭാഗത്തെ ബണ്ട് ശക്തിപ്പെടുത്താൻ ഉപയോഗിച്ചുവെന്നാണ് മനസ്സിലാവുന്നതെന്നും ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ് ആലപ്പുഴ വ്യക്തമാക്കി. പ്രസ്തുത മണ്ണും ചെളിയും പദ്ധതി പ്രദേശത്തു നിന്ന് വളരെ അകലെയുള്ള പാടം നികത്താനായി ഉപയോഗിച്ചുവെന്ന ആക്ഷേപമുണ്ടെന്നും ഇതു സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങളിലൂൾപ്പെടെ വാർത്തകൾ വന്നിരുന്നെന്നും സമിതി അഭിപ്രായപ്പെടുകയും ഇക്കാര്യം പരിശോധിച്ച് കൃത്യമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തോട്ടപ്പള്ളിയിൽ ഡ്രെഡ്ജിംഗ് നടത്തിയപ്പോൾ ലഭിച്ച ചെളിയും മണ്ണും തോറിയം ഡെപ്പോസിറ്റുള്ളതാണെന്ന് സമിതി ചൂണ്ടിക്കാട്ടി. തോട്ടപ്പള്ളി സ്പിൽവേയുടെ കിഴക്ക് ഭാഗത്താണ് ഡ്രെഡ്ജിംഗ് നടത്തിയതെന്നും തോട്ടപ്പള്ളി സ്പിൽവേയ്ക്കും സീമൗത്തിനും ഇടയ്ക്കുള്ള ഭാഗത്താണ് കരിമണൽ നിക്ഷേപമുള്ളതെന്നും ഡ്രെഡ്ജർ കയറാത്തതിനാൽ അവിടെ ഡ്രെഡ്ജിംഗ് നടത്തിയിട്ടില്ലെന്നും അവിടുത്തെ പാടശേഖരങ്ങളുടെ പുറം ബണ്ടിന്റെ പാർശ്വഭിത്തികൾ ശക്തിപ്പെടുത്തുന്നതിന് മണ്ണും ചെളിയും ഉപയോഗിച്ചു വെന്നാണ് കരുതുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ കുട്ടനാട് ഡെവലപ്മെന്റ് ഡിവിഷൻ വ്യക്തമാക്കി.

മേൽ വിശദീകരണത്തെത്തുടർന്ന് കൂടിയ അളവിൽ തോറിയം ഡെപ്പോസിറ്റുള്ള മണൽ കള്ളക്കടത്തായി തമിഴ്നാട്ടിലേക്ക് കൊണ്ടുപോവുക യാണെന്നും വളരെ ഗൗരവമുള്ള വിഷയമാണിതെന്നും ആയതിനാൽ തോട്ടപ്പള്ളി സ്പിൽവേ ഡ്രെഡ്ജ് ചെയ്യുമ്പോൾ ലഭിച്ച ചെളിയും മറ്റും നിക്ഷേപിച്ചത് എവിടെയെന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്-അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ : 4549/സബ്സിഎ 1/16/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 11, 12, 43, 46, 47, 62, 64, 72, 75, 80 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി അംഗീകരിക്കുകയും താഴെപ്പറയുന്ന ശിപാർശകളിന്മേൽ കൂടുതൽ ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ശിപാർശ 11

2702-02-005-99—ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും

വാഹനത്തിന്റെ അഭാവംമൂലം പാലക്കാട് ജില്ലയിലെ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടുന്നുണ്ടെന്നും വാഹനം അനുവദിക്കണമെന്ന ആവശ്യം നാളിതുവരെ അംഗീകരിച്ചിട്ടില്ലെന്നും കാസർഗോഡ് ജില്ലയിൽ കുഴൽക്കിണർ കുഴിക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതുതായി അഞ്ച് ജീപ്പുകൾ വാങ്ങാനുള്ള അനുമതി നൽകിയിട്ടുണ്ടെന്നും വാഹനം അലോട്ട് ചെയ്യുമ്പോൾ പാലക്കാട്, കാസർഗോഡ് ജില്ലകളേയും പരിഗണിക്കുന്നതാണെന്നും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ബോർവെൽ കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട ആക്ടിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റും ഡയറക്ടർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും അറിയിച്ചു

ശിപാർശ 12

2702-02-005-72—ചെറുകിട ജലസേചനം-ഭൂഗർഭജലം-അന്വേഷണം-രാജീവ്ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)

രാജീവ്ഗാന്ധി കുടിവെള്ള സംരംഭം ഗുണഭോക്തൃ സമിതികൾ നടത്തുന്നതിനാൽ എൽ.എസ്.ജി.ഡി. മെയിന്റനൻസ് ചെയ്യുന്നില്ലെന്നും ഇതിന്റെ ഗുണഭോക്താക്കൾ കൂടുതലും

പട്ടികജാതി കോളിനികളിലുള്ളവരാണെന്നും കൊല്ലം ജില്ലയിൽ ഇതു പ്രകാരം ആരംഭിച്ച മിക്കപദ്ധതികളും പരാജയപ്പെട്ടിരിക്കുകയാണെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂക്ഷമായ വരൾച്ചയുണ്ടായപ്പോൾ ജില്ലാ പഞ്ചായത്ത് തലത്തിൽ മുഖ്യമന്ത്രി യോഗം വിളിക്കുകയും ഇതിലേയ്ക്ക് നിശ്ചിത തുക വാഗ്ദാനം ചെയ്യുവെന്നും പക്ഷെ ഗുണഭോക്തൃ സമിതി ഇത് നടത്തുന്നതിനാൽ തുക അനുവദിച്ചില്ലെന്നും കഴിഞ്ഞ വരൾച്ചാക്കാലത്ത് നടപ്പിലാക്കിയ സ്കീം പ്രകാരം 5600-ഓളം കുഴൽക്കിണറുകൾ റിപ്പെയർ ചെയ്തിട്ടുണ്ടെന്നും ഈ ഹെഡിൽ അനുവദിച്ച 12 കോടി രൂപ ഉപയോഗിച്ച് റിപ്പെയറിംഗ് മാത്രമേ ചെയ്തിട്ടുള്ളുവെന്നും വരൾച്ചാ സമയത്ത് നടത്തിയ എല്ലാ മെയിന്റനൻസ് പണികളും ഫലപ്രദമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി കൊല്ലം ജില്ലയിൽ റിപ്പെയർ ചെയ്ത കുഴൽക്കിണറുകൾ, കഴിഞ്ഞ വർഷത്തെ വരൾച്ചാക്കാലത്ത് പാലക്കാട് ജില്ലയിൽ റിപ്പെയർ ചെയ്ത കുഴൽക്കിണറുകളുടെ എണ്ണം, ഇപ്പോൾ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന കുഴൽക്കിണറുകൾ തുടങ്ങിയ വിശദാംശങ്ങൾ ആരാഞ്ഞു.

കൊല്ലം ജില്ലയിൽ 21, കാസർഗോഡ് ജില്ലയിൽ 3, പാലക്കാട് ജില്ലയിൽ 12 എന്നിങ്ങനെ കുഴൽക്കിണറുകൾ റിപ്പെയർ ചെയ്തിട്ടുണ്ടെന്നും കഴിഞ്ഞവർഷം വരൾച്ചക്കാലത്ത് പാലക്കാട് ജില്ലയിൽ 12 കുഴൽക്കിണറുകൾ റിപ്പെയർ ചെയ്തിട്ടുണ്ടെന്നും കൂടാതെ 266 ഹാന്റ് പമ്പും റിപ്പെയർ ചെയ്തിട്ടുണ്ടെന്നും 23000 കുഴൽക്കിണറുകൾ വാട്ടർ അതോറിറ്റി കുഴിച്ചിട്ടുണ്ടെന്നും ഇതല്ലാതെ മറ്റ് സ്കീമുകൾ പ്രകാരവും കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ടെന്നും ഡയറക്ടർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

<u>ശിപാർശ 43</u>

2700-25—<u>മൂലത്തറ ആർ.ബി. കനാൽ</u>

ഭരണപരവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ഈ പദ്ധതിയിൽ വകയിരുത്തിയ വിഹിതം പൂർണ്ണമായും വിനിയോഗിച്ചാൽ അധിക വിഹിതം വകയിരുത്തുന്നത് പരിശോധിക്കാമെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതിന് ഈ പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തികവർഷം തുകയൊന്നും ലഭിച്ചിരുന്നില്ലെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I ജലസേചന വകുപ്പ് അറിയിച്ചു.

<u>ശിപാർശ 62</u>

2701-80-005-94—<u>കടമത്തോട് പദ്ധതി</u>

കാവേരി ബേസിനിൽ കേരളത്തിന് അനുവദിച്ച ജലം വിനിയോഗിക്കാൻ ലഭിച്ച അവസരം നഷ്ടപ്പെടുത്തുന്നതായാണ് മനസ്സിലാക്കുന്നതെന്നും കാവേരി ബേസിനിൽ 30 ടിഎംസി ജലം കേരളത്തിന് ഉപയോഗിക്കാൻ സാധിക്കുമെന്നും അത് അനുവദിക്കാതെ തമിഴ്നാടിന് ജലം ഉപയോഗിക്കുന്നതിനുള്ള അവസരം നൽകിയിരിക്കുകയാണെന്നും കടമത്തോട് പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പുതിയ ശീർഷകത്തിൽ ഉൾപ്പെടുത്തി ഒരു കോടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയുണ്ടായെന്നും 2014-15 സാമ്പത്തിക വർഷത്തിൽ കടമത്തോട് പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും മറ്റ് തുടർ നടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയ സമിതി ഈ പ്രോജക്ടിനാവശ്യമായ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് എപ്പോഴാണ് ചെയ്യാൻ സാധിക്കുന്നതെന്നും നേരത്തെ ഡാമായിരുന്ന കടമത്തോട് പദ്ധതി റെഗുലേറ്ററായിച്ചുരുക്കാനുണ്ടായ സാഹചര്യമെന്താണെന്നും ആരാഞ്ഞു.

കടമത്തോട് പദ്ധതിയുടെ ഒരു റഫ് പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിനായി 25 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടെന്നും എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി ചെയ്യാവുന്നതാണെന്നും കടമത്തോടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും പൊതുജനങ്ങളുടെ എതിർപ്പും ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങളും കാരണം റെഗുലേറ്ററായി ചുരുക്കിയതാണെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ മറുപടി നൽകി.

<u>ശിപാർശ 80</u>

പറമ്പിക്കുളം-ആളിയാർ പ്രോജക്ട് പ്രകാരം തമിഴ്നാട് ഡാം നിർമ്മിച്ചുവെന്നും പ്രസ്തുത വിവരം സർക്കാരിനെ അറിയിച്ചില്ലെന്നും കാവേരി ബേസിനിൽ നിന്നും തമിഴ്നാട് വെള്ളം കൊണ്ടുപോകുമ്പോൾ കേരളം ഇതിനെതിരെ കോടതിയിൽ ഒരു തടസ്സവും ഉന്നയിച്ചില്ലെന്നും അവർക്ക് ബോധപൂർവ്വം വെള്ളം കൊണ്ടുപോകാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തതിന്റെ ഫലമായി ഭാരതപ്പുഴ കാട്ടുപോലെയായെന്നും കരാർ പ്രകാരം കാവേരി ബേസിനിൽ നിന്നും ലഭിക്കേണ്ട വെള്ളം ഇപ്പോഴും കേരളത്തിന് ലഭിക്കുന്നില്ലെന്നും അവർ അതിനെ ഡൈവേർട്ട് ചെയ്തുകൊണ്ട് പോകുകയാണെന്നും ഇതു സംബന്ധിച്ച് ബോർഡ് യോഗത്തിലോ കോടതിയിലോ തടസ്സം ഉന്നയിക്കുന്നില്ലെന്നും വിശദീകരിച്ച സമിതി പറമ്പിക്കുളം-ആളിയാർ പ്രോജക്ട് സിസ്റ്റം പ്രകാരം ഷെഡ്യൂൾ 5-ലെ പവേഴ്സ് ആന്റ് ഫംഗ്ഷൻസിലെ 2(a)യിൽ പറയുന്നത് എന്താണെന്ന് ആരാഞ്ഞു.

In schedule V, "Power and functions 2(a). The board shall be responsible for the proper regulation of waters collected and distributed through the Anamalayar, the Nirar Weir, lower Nirar Reservoir, the Tamil Nadu Sholayar and the Kerala Sholayar, the Parambikulam, the Tunacadavu, the Peruvaripallam, the Aliyar reservoirs and the Manakadavu Weir, in accordance with this agreement" എന്നാണ് പറയുന്നത് എന്ന് ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വിശദീകരിച്ചു.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ റെഗുലേറ്റ് ചെയ്യുന്ന ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ഘടന, നിലവിൽ തീരുമാനമെടുക്കാനുള്ള അധികാരം ആർക്കാണ്, ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ ലംഘിക്കുമ്പോൾ സ്വീകരിക്കുന്ന നടപടി ഇവ വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടു.

ചീഫ് എഞ്ചിനീയർ (ജലവിഭവം), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ (കേരളം), ചീഫ് എഞ്ചിനീയർ (ജലവിഭവം തമിഴ്നാട്), ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ (തമിഴ്നാട്) തുടങ്ങിയവർ അടങ്ങുന്നതാണ് ബോർഡിന്റെ ഘടനയെന്നും ഒന്നിടവിട്ടുള്ള വർഷങ്ങളിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും ഇറിഗേഷൻ ചീഫ് എഞ്ചിനീയർമാരായിരിക്കും ബോർഡിന്റെ ചെയർമാൻ ആകുന്നതെന്നും രണ്ട് സംസ്ഥാനങ്ങൾ ഒരുമിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നതെന്നും 1970 കാലഘട്ടം മുതൽ ഈ സംവിധാനം ഓപ്പറേറ്റ് ചെയ്യുന്നത് തമിഴ്നാടാണെന്നും 'Schedule IV—Miscellaneous Provision Para No. 13 "Notwithstanding anything herein contained the Government of Tamil Nadu shall have the right for use of land situated within the State of Kerala and given on license to them only for the purpose of execution and maintenance and operation of the Parambikulam Aliyar Project and for no other purpose" എന്നാണ് പറഞ്ഞിരിക്കുന്നതെന്നും കേരളത്തിന് ആവശ്യമുള്ള വെള്ളം, അത് എപ്രകാരം കൈകാര്യം ചെയ്യണം തുടങ്ങിയ കാര്യങ്ങൾ ബോർഡ് മീറ്റിംഗിൽ പറയുകയും അതനുസരിച്ച് തീരുമാനങ്ങളെടുക്കുകയും മിനിട്ട്സ് ഒപ്പിട്ടശേഷം തമിഴ്നാട് അത് ലംഘിക്കുകയാണ് ചെയ്യുന്നതെന്നും ഇത് ഒരു ഗൗരവമായ പ്രശ്നമാണെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ അറിയിച്ചു.

മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരാമെന്ന് സമിതി തീരുമാനിച്ചു. ആളിയാറിലേക്ക് ഷട്ടർ തുറക്കണമെന്ന് കേരള സർക്കാർ ബോർഡ് യോഗത്തിൽ ഉന്നയിക്കുകയും അത് മിനിട്ട്സിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും തമിഴ്നാട് സർക്കാർ

അത് പാലിക്കുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. എഗ്രിമെന്റ് പ്രകാരം ഈ സംവിധാനം ഓപ്പറേറ്റ് ചെയ്യാനുള്ള അധികാരം തമിഴ്നാടിന് കൊടുത്തിട്ടില്ലെന്നും ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനാണ് അധികാരമെന്നും സമിതി ചൂണ്ടിക്കാട്ടി.

പറമ്പിക്കുളം-ആളിയാർ പ്രോജക്ടിലെ ലീഡിംഗ് ഷട്ടറിന്റെ കാര്യം എഗ്രിമെന്റിൽ പറയാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, പറമ്പിക്കുളം-ആളിയാർ പ്രോജക്ടിലെ Inter basin water transfer എന്ന് പറഞ്ഞാൽ തമിഴ്നാട്ടിൽ നിന്നും ആരംഭിച്ച് കേരളത്തിലൂടെ ഒഴുകി വീണ്ടും തമിഴ്നാട്ടിലേയ്ക്ക് ഒഴുകി പോകുകയാണ് ചെയ്യുന്നതെന്നും, പറമ്പിക്കുളത്തു നിന്ന് സർക്കാർപതി പവർ ഹൗസിലേക്ക് പോകുന്നിടത്ത് ഒരു ലീഡിംഗ് ചാനലും ഷട്ടറുമുണ്ടെന്നും ഇത് കേരളത്തിനകത്താണെന്നും അതിന്റെ നിയന്ത്രണം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ ഇത് പാലിക്കാൻ തമിഴ്നാട് ബാദ്ധ്യസ്ഥരാകുമെന്നും ഇതാണ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിശദീകരിച്ചതെന്നും അപ്രകാരമല്ലാതെ ഒരു തീരുമാനമെടുത്താൽ അത് തമിഴ്നാട് ലംഘിക്കുമെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ മറുപടി നൽകി.

ആളിയാറിൽ നിന്നാണ് ചിറ്റൂർ പുഴയിലേക്ക് വെള്ളം കിട്ടുന്നതെന്നും 400 അല്ലെങ്കിൽ 500 Cusec വച്ച് അത് റിലീസ് ചെയ്യേണ്ടതാണെന്നും അത് റിലീസ് ചെയ്യണമെങ്കിൽ ആളിയാർ ഡാമിലേക്ക് പറമ്പിക്കുളം ഡാമിൽ നിന്ന് വെള്ളം കൊണ്ടുവരേണ്ടി വരുമെന്നും ഇതു സംബന്ധിച്ച തീരുമാനങ്ങൾ ബോർഡ് യോഗത്തിൽ പറയുകയും തീരുമാനമാക്കുകയും ചെയ്തിട്ടും തമിഴ്നാട് അത് ലംഘിക്കാറുണ്ടെന്നും ഇത് കൃത്യമായും പ്രാവർത്തികമാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ കാര്യങ്ങൾ സാധ്യമാവുകയുള്ളൂവെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ കൂട്ടിചേർത്തു.

ചെക്ക് ഡാമുകളെക്കുറിച്ച് 5-1-2016-ൽ തമിഴ്നാട് ജലവിഭവ സെക്രട്ടറിയ്ക്ക് അയച്ച കത്തിന്മേൽ സ്വീകരിച്ച നടപടിയെക്കുറിച്ച് സമിതി വിശദാംശം ആരാഞ്ഞു. തമിഴ്നാട് പി.ഡബ്ല്യു.ഡി. സെക്രട്ടറിയ്ക്കാണ് കത്തയച്ചതെന്നും അക്കാര്യം പരിശോധിച്ചശേഷം മറുപടി ലഭ്യമാക്കാമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. കൂടാതെ അഡ്വൈസറി ബോർഡിൽ ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായെന്നും നെല്ലാറിലും പാലാറിലും തമിഴ്നാട് ചെക്ക് ഡാമുകൾ പണിയുകയും മൂന്ന് പ്രൊപ്പോസലുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ഈ പ്രൊപ്പോസലുകൾക്കെതിരെ കേരളം ഐ.എൽ.എ. ഫയൽ ചെയ്ത് കോടതിയിൽ സമർപ്പിക്കുവാൻ പോവുകയാണെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) മറുപടി നൽകി.

ഭവാനിപ്പുഴയിലും മറ്റും കേരളം ചെക്ക്ഡാം നിർമ്മിച്ചതിനെതിരെ തമിഴ്നാട് സുപ്രീം കോടതിയിൽ ഒ.എ. ഫയൽ ചെയ്തിട്ടുണ്ടെന്നും എന്നാൽ തമിഴ്നാടിന്റെ കരാർ ലംഘനത്തിനെതിരെ കേരളം സുപ്രീം കോടതിയിൽ ഒരു ഒ.എ. പോലും ഫയൽ ചെയ്തിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. അന്തർസംസ്ഥാന നദീജല ഉപദേശക സമിതി യോഗം ചേർന്നപ്പോൾ പാലാർ, നെല്ലാർ ചെക്ക്ഡാം നിർമ്മാണത്തിന്റെ കാര്യം ഉന്നയിച്ചിരുന്നുവെന്നും ഇവിടെ മൂന്ന് ചെക്ക്ഡാമുകൾ കൂടി പണിയാൻ തമിഴ്നാട് ഉദ്ദേശിക്കുന്നുണ്ടെന്നും പാലാറിലും നെല്ലാറിലും ചെക്ക്ഡാം നിർമ്മിച്ചതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കൂടി 2012-13-ലെ കേസിന്റെ ചർച്ചയിൽ കൊണ്ടുവരാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വ്യക്തമാക്കി.

കരാർ പ്രകാരം ഷോളയാറിൽ നിന്നും 2.5 ടി.എം.സി. ജലമാണ് തമിഴ്നാടിന് അവകാശപ്പെട്ടതെന്നും 2.5 ടി.എം.സി.യിൽ കൂടുതൽ വെള്ളം തമിഴ്നാട് എടുക്കുന്നുവെന്ന് കാണിച്ച് ഒ.എസ്. ഫയൽ ചെയ്തിട്ടുണ്ടെന്നും ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ മിനിട്ട്സിൽ തമിഴ്നാടിന്റെ കരാർ ലംഘനം സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച കേസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്ത് പോകുന്നത് കേസിനെ ദോഷകരമായി ബാധിക്കുമെന്നും അത് തമിഴ്നാടിന് സഹായകമാകുമെന്നുമുള്ളതിനാലാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഈ വിഷയം ഒഴിവാക്കിയതെന്നും ജോയിന്റ് ഡയറക്ടർ ജെ.ഡബ്ല്യൂ.ആർ.ഡി. വെളിപ്പെടുത്തി.

ശിരുവാണിയിൽ നിന്നും തമിഴ്നാടിന് കൊടുക്കുന്ന വെള്ളം അളക്കുന്നില്ലെന്നും അതോടൊപ്പം ഭവാനിപ്പുഴയിലേക്ക് വെള്ളം നൽകുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടുകയും ഇത്തരമൊരു സാഹചര്യം ഉണ്ടായത് എങ്ങനെയെന്ന് ആരായുകയും ചെയ്തു. ഒരു വർഷം 1.3 ടി.എം.സി.യെക്കാൾ കൂടുതൽ വെള്ളം തമിഴ്നാടിന് നൽകുന്നില്ലെന്നും പക്ഷെ ഇതിലുള്ള ന്യൂനത തമിഴ്നാടിന്റെ കണക്കുപ്രകാരമാണ് വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതെന്നും 1.3 ടിഎംസി.യിൽ കൂടുതൽ അനുവദിക്കില്ലെന്നും വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതിന് ഡിജിറ്റൽ വാട്ടർ മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആയത് രണ്ട് മാസത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുമെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) അറിയിച്ചു.

തമിഴ്നാട് വനപ്രദേശത്തിനുള്ളിൽ കൂടി കടത്തുന്ന വെള്ളത്തിന്റെ അളവ് പരിശോധിക്കാതെ 1.3 ടി.എം.സി.യിൽ കൂടുതൽ വെള്ളം തമിഴ്നാട് എടുക്കില്ലെന്ന് പറയാൻ കഴിയുന്നതെങ്ങനെയെന്നും ശിരുവാണിയിൽ നിന്നും ഭവാനിപ്പുഴയ്ക്ക് വെള്ളം നൽകാതെയാണ് തമിഴ്നാടിന് വെള്ളം കൊടുക്കുന്നതെന്നും കേരളം കുടിവെള്ളക്ഷാമം നേരിടുമ്പോൾ ഇവിടെ നിന്നും വെള്ളം തമിഴ്നാട് കൊണ്ടുപോയി കുപ്പികളിലാക്കി

വിൽക്കുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി. ഈ വിഷയം ബഹു. മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുകയും അതിന്റെ തുടർച്ചയായി ചീഫ് സെക്രട്ടറിതല ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു. മേൽ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇത് സംബന്ധിച്ച ചർച്ച ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

തൃത്താല മണ്ഡലത്തിൽ ആറും ഏഴും എൽ.ഐ. സ്കീമുകളുണ്ടെന്നും അവയെല്ലാം ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു ഓപ്പറേറ്റർ മാത്രമാണുള്ളതെന്നും മുൻകാലങ്ങളിൽ കൃഷി കുറവായിരുന്നതിനാൽ ഇതൊരു പ്രശ്നമല്ലായിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഒരു എൽ.ഐ. സ്കീമിന്റെ കീഴിൽ 600 ഏക്കറോളം കൃഷി കൂടിയിട്ടുണ്ടെന്നും ഒരു ഷിഫ്റ്റിൽ പമ്പ് ചെയ്യുന്ന വെള്ളം തികയുന്നില്ലെന്നും രണ്ടാമതൊരു ഷിഫ്റ്റിൽ ആളെ നിയമിക്കാനുള്ള അനുമതിയില്ലെന്നും ഇപ്പോൾ കർഷകർ നേരിട്ട് ടേൺ അടിസ്ഥാനത്തിൽ ആളെ നിർത്തുകയാണെന്നും ഒരു ദിവസത്തേക്ക് 1,200 രൂപ വീതം ഇതിനായി ചെലവാകുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി. ദിവസക്കൂലി അടിസ്ഥാനത്തിൽ മുമ്പ് എച്ച്.ആർ ജീവനക്കാരെ നിയമിച്ചിരുന്നുവെന്നും സർക്കാർ അറിയാതെ എച്ച്.ആർ. ജീവനക്കാരെ നിയമിക്കരുതെന്ന ഉത്തരവ് വന്നതിനുശേഷം കരാർ വ്യവസ്ഥയിൽ കൂടുതലായി എച്ച്.ആർ. ജീവനക്കാരെ നിയമിക്കാറില്ലെന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ പമ്പ് ഓപ്പറേറ്ററെ നിയമിക്കുന്നതിനുള്ള അനുവാദം ഗവൺമെന്റിൽ നിന്നും വാങ്ങിയശേഷം ആൾക്കാർ കുറവുള്ള എല്ലാ സ്ഥലങ്ങളിലും നിയമനം നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും കൂടാതെ ഫണ്ടിനായി ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചന വകുപ്പ് വിശദീകരിച്ചു. മേൽ വിശദീകരണത്തെത്തുടർന്ന് അടിയന്തരമായി പമ്പ് ഓപ്പറേറ്ററെ നിയമിക്കാനുള്ള നടപടി സ്വീകരിക്കാൻ ജലവിഭവ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ചെറിയ കാര്യങ്ങൾക്കുപോലും അനുമതി ലഭിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ അനുമതി ആവശ്യമായി വരുന്നത് പ്രായോഗികതലത്തിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നും പി.ഡബ്ല്യു.ഡി. യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നിശ്ചിത തുക വരെ ചെലവാക്കാനുള്ള അനുമതി നൽകാവുന്നതാണെന്ന് ക്യാബിനറ്റിൽ തീരുമാനമെടുത്തിരുന്നെന്നും പ്രസ്തുത മന്ത്രിസഭാ തീരുമാനം ജലവിഭവ വകുപ്പിലും ബാധകമാക്കാവുന്നതാണെന്നും എഫ്.എസ്., എ.എസ്. എന്നിവയ്ക്ക് ഒരുമിച്ച് അനുമതി കൊടുക്കുകയാണെങ്കിൽ സമയം ലാഭിക്കാൻ കഴിയുമെന്നും

ഇപ്പോൾ എഫ്.എസ്. സമർപ്പിച്ച് എസ്റ്റിമേറ്റ് കൊടുത്ത ശേഷമാണ് എ.എസ്. കൊടുക്കുന്നതെന്നും അത് കാലതാമസം വരുത്തുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി എഫ്.എസും., എ.എസും ഒരുമിച്ച് നൽകുന്നതിന് തടസ്സമെന്തെങ്കിലും ഉണ്ടോയെന്ന് ആരാഞ്ഞു.

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഫണ്ട് അനുവദിക്കണമെന്നത് കുറെനാളുകളായി ആവശ്യപ്പെടുന്ന കാര്യമാണെന്നും ഇപ്പോൾ PRICE-ൽ ആണ് ഇതെല്ലാം ചെയ്യുന്നതെന്നും അതിനാൽ എഫ്.എസ്., എ.എസ്., ടി.എസ്. എന്നിവ വളരെ വേഗത്തിൽ കൊടുക്കാൻ കഴിയുന്നുണ്ടെന്നും ഫിനാൻഷ്യൽ സാങ്ഷനു വേണ്ടിവരുന്ന എസ്റ്റിമേറ്റ് ആദ്യം എ.ഇ.യ്ക്കും പിന്നീട് എ.എക്സ്.ഇ., ചീഫ് എഞ്ചിനീയർ എന്നിവർക്കുമാണ് നൽകുന്നതെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചന വകുപ്പ് അറിയിച്ചു.

ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഇലക്ട്രിക്കൽ ഉൾപ്പെടുന്നില്ലെന്ന പ്രശ്നം നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞു. കഴിഞ്ഞ മൂന്നു വർഷമായി ഇലക്ട്രിക്കൽ ഉൾപ്പെടെ എല്ലാത്തിനും ഒരുമിച്ചാണ് എ.എം.സി. കൊടുക്കുന്നതെന്നും പാലക്കാട് ജില്ലയിൽ നിന്നും ഇലക്ട്രിക്കലിന്റെ എസ്റ്റിമേറ്റ് വരുന്നില്ലെന്നും അവിടത്തെ ഇലക്ട്രിക്കലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകേണ്ടത് ചാലക്കുടിയിലെ ഇലക്ട്രിക്ക് വിംഗാണെന്നും മറ്റ് ജില്ലകളിലെല്ലാം പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർമാർ അയയ്ക്കുന്നത് പ്രകാരമാണ് എ.എം.സി. കൊടുക്കുന്നതെന്നും പാലക്കാട് ജില്ലയിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും ജലവിഭവ വകുപ്പിനു പ്രത്യേകമായി ഒരു ഇലക്ട്രിക്കൽ വിഭാഗം തുടങ്ങുന്നത് നല്ലതായിരിക്കുമെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചന വകുപ്പ് വ്യക്തമാക്കി.

മലമ്പുഴ ഡാമിലെ ജലവിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നം ഡി.ഡി.സി.യിൽ ചർച്ച ചെയ്യുകയുണ്ടായെന്നും മലമ്പുഴയുടെ കൈവഴിയായ നരകംപിള്ളിപ്പുഴയിൽ ഡാം നിർമ്മിക്കാൻ എളുപ്പമാണെന്നും ഇതുവഴി പുതുശ്ശേരിയിലെ ഗാർഹിക/കാർഷികേതര/ വ്യാവസായികാവശ്യത്തിനുള്ള ജലം ലഭ്യമാകുമെന്നും എല്ലാ വർഷവും ഏകദേശം അൻപതോളം ദിവസം മലമ്പുഴ ഡാമിൽ നിന്നുള്ള ജലം കാർഷികാവശ്യത്തിനായി വിനിയോഗിക്കുമായിരുന്നെന്നും എന്നാൽ കഴിഞ്ഞ വർഷം കുറച്ച് ദിവസം മാത്രമേ പ്രസ്തുത ഡാമിൽ നിന്നാം കാർഷികാവശ്യത്തിന് ജലം നൽകിയിട്ടുള്ളുവെന്നും ഇതുമൂലം കൃഷിക്ക് വൻ നാശനഷ്ടമാണുണ്ടായതെന്നും കാർഷികാവശ്യത്തിന് ജലം നൽകാതിരിക്കുകയും അത് വ്യവസായികാവശ്യത്തിന് വിനിയോഗിക്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നതെന്നും ഈ വിഷയം വളരെ ഗൗരവകരമായി തന്നെ പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

മുൻകാലങ്ങളിൽ എൽ.ഐ. സ്കീമുകളുടെ ചെറിയ തോതിലുള്ള മെയിന്റനൻസ് വർക്കുകൾക്ക് എ.ഇ. തലത്തിൽ Imprest rate നൽകാറുണ്ടായിരുന്നെന്നും പ്രസ്തുത തുക ഉപയോഗിച്ച് പെട്ടെന്ന് വരുന്ന ചെറിയ വർക്കുകൾ ചെയ്യാൻ സാധിക്കുമെന്നും ഈ തുക ഇപ്പോൾ നൽകുന്നില്ലെന്ന പരാതിയുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി. എ.ഇ. മാർക്ക് Imprest rate നൽകാതായിട്ട് 15 വർഷത്തോളമായെന്നും ഇപ്പോൾ ഇത്തരം ചെറിയ ചെലവുകൾ സ്വന്തമായി ചെയ്യുകയാണെന്നും ധനകാര്യ വകുപ്പ് അനുമതി നൽകിയാൽ മാത്രമേ Imprest rate നൽകാൻ സാധിക്കുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചന വകുപ്പ് മറുപടി നൽകി.

യോഗം ഉച്ചയ്ക്കുശേഷം 1.10-ന് പിരിഞ്ഞു.

## 6-12-2017-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2017 ഡിസംബർ 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ സാന്നിദ്ധ്യത്തിൽ ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ.
3. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ഡയറക്ടർ, ഐ.ഡി.ആർ.ബി, തിരുവനന്തപുരം
5. ശ്രീ. പി. സുധീർ, ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ
6. ശ്രീമതി എൻ. ഗീത, ഡെപ്യൂട്ടി ഡയറക്ടർ, ഐ. എസ്. ഡബ്ല്യൂ. ഡി. എ., തിരുവനന്തപുരം
7. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ (പ്രോജക്ട് -II), തിരുവനന്തപുരം
8. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I), കോഴിക്കോട്
9. ശ്രീ. ടെറൻസ് ആന്റണി, ചീഫ് എഞ്ചിനീയർ (ഐ. & ഡി.), ഐ.ഡി.ആർ. ബി., തിരുവനന്തപുരം
10. ശ്രീമതി വി. ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.ഡി.എ., തിരുവനന്തപുരം
11. ശ്രീ. സുലൈമാൻ കുട്ടി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, കണ്ണൂർ
12. ശ്രീ. വി. ഷൺമുഖൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി സർക്കിൾ
13. ശ്രീ. എസ്. സുധീർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറ്റൂർ ഡിവിഷൻ
14. ശ്രീമതി ഷീല ജോൺ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാരാപ്പുഴ പ്രോജക്ട്, കൽപ്പറ്റ, വയനാട്
15. ശ്രീ. കെ. എസ്. മജീദ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.പി.ഐ.പി., കാഞ്ഞിരപ്പുഴ
16. ശ്രീ. ജെയിംസ് വിൽസൺ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.എ.സി.
17. ശ്രീ. ഡി. രാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആർ.ബി.സി. സബ് ഡിവിഷൻ, കൊഴിഞ്ഞാമ്പാറ, പാലക്കാട്
18. ശ്രീ. വി. ശിവകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,(ഐ.& ഡി.), തിരുവനന്തപുരം.

19. ഡോ. പി. ടി. സന്തോഷ്കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാവേരി സബ്ഡിവിഷൻ, സുൽത്താൻ ബത്തേരി.

20. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്.

സമിതി, അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച് ജലവിഭവ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

അന്തർ സംസ്ഥാന നദീജലപ്രശ്നങ്ങൾ സംബന്ധിച്ച വിഷയം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യണമെന്ന സമിതി അംഗങ്ങളുടെ ആവശ്യപ്രകാരമാണ് ഇതു സംബന്ധിച്ച യോഗം വിളിച്ചു ചേർത്തതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പറമ്പികുളം-ആളിയാർ പദ്ധതി (പി.എ.പി.), അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി (എ.വി.ഐ.പി.), ശിരുവാണി കുടിവെള്ള പദ്ധതി, മുല്ലപ്പെരിയാർ ഡാം, മുല്ലപ്പെരിയാർ കാർ പാർക്കിംഗ് കേസ്, പുതിയ മുല്ലപ്പെരിയാർ അണക്കെട്ട്, ചെമ്പകവല്ലി ആനിക്കട്ടും കനാലും, പമ്പ അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി എന്നിവയാണ് ചർച്ച ചെയ്യുന്നതെന്നും സമിതി ചെയർമാൻ ആമുഖമായി അറിയിച്ചു.

ചാലിയാറിൽ തമിഴ്നാട് നടത്തുന്നതായി പറയപ്പെടുന്ന കൺസ്ട്രക്ഷൻ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാമെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ജലവിഭജനത്തെ സംബന്ധിച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ പ്രധാന വ്യവസ്ഥകളിൽ കേരളത്തിലെ ചിറ്റൂർപ്പുഴയ്ക്ക് പ്രതിവർഷം 7250 എം.സി.എഫ്.ടി. ജലം (ഉപയോഗിക്കാനാവാത്ത പ്രളയജലം ഒഴികെ) കേരളാതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ടെന്നും ഇതിൽ ഉപയോഗിക്കാനാവാത്ത പ്രളയജലം ഒഴികെ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന് സമിതി ആരാഞ്ഞതിന് ഉപയോഗിക്കാനാവാത്ത പ്രളയജലം കൂടാതെ കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7250 എം.സി.എഫ്.ടി. ജലം മണക്കടവ് വിയറിൽ ലഭ്യമാക്കണമെന്നാണ് അർത്ഥമാക്കുന്നതെന്ന് ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വ്യക്തമാക്കി.

ഉപയോഗിക്കാനാവാത്ത പ്രളയജലവും 7250 എം.സി.എഫ്.ടി. ജലവും ചേർത്ത് മണക്കടവ് വിയറിൽ ലഭ്യമാക്കണം എന്ന രീതിയിലേക്ക് ഇത് മാറ്റണമെന്നും ജലവിഭജനം സംബന്ധിച്ച കരാറിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം ചാലക്കുടി നദീതടത്തിൽ നിന്നും

ഓരോ വർഷവും 12300 എം.സി.എഫ്.ടി. ജലം കേരളത്തിന് അവകാശപ്പെട്ടതാണെന്നും ഇത് കേരള ഷോളയാർ പവർ ഹൗസിൽ അളന്നു പുറത്തു വിടേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച തർക്കം ബഹു. സുപ്രീം കോടതി 2018 മാർച്ചിൽ പരിഗണിക്കാനിരിക്കുകയാണെന്നും 1958-ൽ കേരളം തമിഴ്നാടിനയച്ച കത്തും അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി കാമരാജ് കേരളത്തിനയച്ച കത്തും ഈ കേസിന്റെ തുടർനടപടി ക്രമങ്ങൾക്ക് സഹായകരമാകുമെന്നും അഭിപ്രായപ്പെട്ട സമിതി ഇരു സംസ്ഥാനങ്ങൾ അയച്ച കത്തുകൾ ലഭ്യമാക്കാൻ സാധിക്കുമോയെന്ന് ആരാഞ്ഞതിന് പ്രസ്തുത കത്തുകൾ വകുപ്പിന്റെ കൈവശമില്ലെന്നും ആയവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ അറിയിച്ചു.

ജലവിഭജനം സംബന്ധിച്ച കരാറിലെ നാലാമത്തെ വ്യവസ്ഥയിൽ പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചു വിടേണ്ടതാണെന്നും ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ലെന്നും കേരള സർക്കാർ പെരിയാർ നദീതടത്തിൽ വിഭാവനം ചെയ്തിട്ടുള്ള ജല സംഭരണികൾ പ്രവർത്തിച്ചു തുടങ്ങിയശേഷം നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവൻ തമിഴ്നാടിന് തിരിച്ച് വിടാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ടെന്നും പിഎപി നിലവിൽ വന്നതുമുതൽ പദ്ധതിയിലെ റിസർവോയറുകളുടെയും നിർമ്മിതികളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നത് തമിഴ്നാടാണെന്നും പലപ്പോഴും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് തീരുമാനത്തിന് വിരുദ്ധമായി തമിഴ്നാട് റിസർവോയറുകളുടേയും നിർമ്മിതികളുടെയും പ്രവർത്തനത്തെ നിയന്ത്രിക്കുകയും കേരളത്തിന് കരാർ അനുസരിച്ചുള്ള ജലം ലഭിക്കാതെ വരികയും ചെയ്യുന്നുണ്ടെന്നും ചൂണ്ടിക്കാട്ടിയ സമിതി ഇതു സംബന്ധിച്ച വിശദാംശം നൽകാൻ ആവശ്യപ്പെട്ടു.

ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ അപ്പർ പെരിയാർ വിയറിൽ ഒഴുകിയെത്തുന്ന മുഴുവൻ ജലവും കേരളത്തിന് നൽകണമെന്നാണ് നിലവിലുള്ള കരാർ വ്യവസ്ഥയെന്നും പെരിയാർ തടത്തിൽ കേരളം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ മുഴുവൻ പൂർത്തിയായാൽ ഈ വെള്ളം തമിഴ്നാട്ടിലേക്ക് തന്നെ തിരിച്ചെടുക്കാമെന്നൊരു ഉപഖണ്ഡം ഈ വ്യവസ്ഥയിലുണ്ടെന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ അപ്പർ പെരിയാർ വിയറിൽ ഒഴുകിയെത്തുന്ന മുഴുവൻ ജലവും ഇപ്പോൾ കേരളത്തിന് നൽകുന്നുണ്ടെന്നും കേരള സർക്കാർ പെരിയാർ തടത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തിയാകാത്തതാണ് ഇതിന് കാരണമെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വിശദീകരിച്ചു.

കേരളത്തിലെയും തമിഴ്നാട്ടിലെയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് (ജെ.ഡബ്ല്യു.ആർ.ബി.), കരാറിലെ വ്യവസ്ഥകളനുസരിച്ച് ജലവിതരണം നടത്തുന്നതിന്റെ മേൽനോട്ടം ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിനാണെന്നും കേരളത്തിലെയും തമിഴ്നാട്ടിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ രണ്ടാഴ്ചയിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തേണ്ടതെന്നും ഇതിനായി ജെ.ഡബ്ല്യു.ആർ.ബി. വർഷത്തിൽ പലതവണ കൂടേണ്ടതായിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ബോർഡിലുള്ള കേരളത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വേണ്ടവിധം പ്രവർത്തിക്കുന്നില്ലെന്നും ഈ വിഷയം ഡി.ഡി.സി.യിൽ ഉന്നയിച്ചതിനുശേഷമാണ് ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു.

ജലവിഭജനവുമായി ബന്ധപ്പെട്ട് തമിഴ്നാടും കേരളവുമായി നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സ്റ്റാഫ് ഇപ്പോൾ കേരളത്തിലില്ലെന്നും ജെ.ഡബ്ല്യു.ആർ.ബി. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മോണിറ്ററിംഗ് മാത്രമാണ് കേരളം ചെയ്യുന്നതെന്നും ഷെഡ്യൂൾ 4-ലെ miscellaneous provision-ൽ clause 13-ൽ പറഞ്ഞിരിക്കുന്നത് Notwithstanding anything herein contained the Government of Tamil Nadu shall have the right for use of the land situated within the State of Kerala and given on licence to them only for the purpose of execution and maintenance and operation of the Parambikulam Aliyar project and for no other purpose എന്നാണെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ അറിയിച്ചു.

പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ലീഡിംഗ് കനാൽ ഷട്ടറിന്റെ നിർമ്മാണം എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടില്ലെന്നും എഗ്രിമെന്റിൽ പറയാത്ത കാര്യങ്ങൾ കേരളത്തിന് അവകാശപ്പെട്ടതും കേരളത്തിന്റെ നിയന്ത്രണത്തിലുമാണ് ഉൾപ്പെടുന്നതെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇതിൽ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ഉള്ളതെന്നും In schedule IV-miscellaneous provisions para No. 13 for the purpose of execution and maintenance and operation of the Parambikulam Aliyar Project and for no other purpose എന്നാണ് പറയുന്നതെന്നും അത് ഓപ്പറേറ്റ് ചെയ്യാനുള്ള അധികാരം

തമിഴ്നാടിന് കൊടുത്തിട്ടുണ്ടെന്നും Para No. 8-ൽ ഈ എഗ്രിമെന്റിൽ പറയാത്ത residual rights-ന്റെ കാര്യങ്ങളാണ് പറയുന്നതെന്നും ഓപ്പറേഷനെ സംബന്ധിച്ചതാണ് യഥാർത്ഥ തർക്കമെന്നും ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ബോർഡ് ചെയർമാൻ രണ്ട് സംസ്ഥാന സർക്കാരുകളെയും അറിയിക്കണമെന്നും അതിനുശേഷം ആ റിപ്പോർട്ട് ലഭ്യമാകുമ്പോൾ രണ്ട് സർക്കാരുകളും ചേർന്ന് ഈ വിഷയത്തിന്മേൽ തീരുമാനമെടുക്കണമെന്നാണ് എഗ്രിമെന്റിൽ പറയുന്നതെന്നും ഇതു സംബന്ധിച്ച് നിയമവകുപ്പുമായി ചർച്ച ചെയ്ത് കേരളത്തിന് അനുകൂലമായ രീതിയിൽ മാറ്റിയെടുക്കാൻ സാധിക്കുമോയെന്നുള്ളത് നിശ്ചയമായും പരിശോധിക്കാവുന്ന കാര്യമാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ് വ്യക്തമാക്കി.

1958-ൽ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി എഴുതിയ കത്തിൽ കേരളത്തിന്റെ അധികാരത്തെക്കുറിച്ച് വളരെ വിശദമായി പരാമർശിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതിയോട് പ്രസ്തുത കത്ത് പുരാവസ്തു വകുപ്പിന്റെ കൈവശമാണുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

അന്തർ സംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ബന്ധപ്പെട്ട വകുപ്പ് പ്രത്യേകം സൂക്ഷിക്കണമെന്നും ഇക്കാര്യത്തിൽ കേരളം നിരന്തരം കോടതിയിൽ കേസ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഇതുപോലെ കേസിനനുകൂലമായ രേഖകൾ ഉണ്ടെങ്കിൽ അതിന് പ്രാധാന്യം നൽകണമെന്നും തമിഴ്നാട് സർക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞുപോയവരെ ഇതിനുവേണ്ടി നിയമിക്കുന്നുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു

1969-ലെ യോഗത്തിന്റെ മിനിട്സ്, 1958-ൽ തമിഴ്നാട് മുഖ്യമന്ത്രി കാമരാജ് എഴുതിയ കത്ത്, 1996-ലെ കേന്ദ്ര ജലകമ്മീഷന്റെ കത്ത് എന്നീ രേഖകൾ കണ്ടെത്തി അത് സംസ്ഥാനത്തിന് അനുകൂലമായ രീതിയിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ആളിയാറിൽ നിന്ന് മണക്കടവിലേയ്ക്ക് ഒഴുകുന്ന വെള്ളത്തിൽ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം കിട്ടുന്നില്ലെന്നും ആളിയാറിൽ നിന്ന് തുറന്നുവിടുന്ന ജലം പൂർണ്ണമായും മണക്കടവിൽ എത്തുന്നില്ലെന്നും ആളിയാറിൽ നിന്ന് ഒഴുകുന്ന ജലത്തിൽ 1.5 ടി.എം.സി. മാത്രമാണ് തമിഴ്നാടിന് അർഹതപ്പെട്ടതെന്നും അതിൽ കൂടുതൽ വെള്ളം തമിഴ്നാട് എടുക്കുന്നുണ്ടെന്നും വിലയിരുത്തിയ സമിതിയോട് ഷെഡ്യൂൾ 2, ക്ലോസ് 4-ൽ The Government of Tamilnadu shall supply annually at Manacadavu Weir near

Kerala border 7.250 T.M.C. ft. of water exclusive of unutilisable flood waters for assured irrigation of 20,000 acres in Kerala എന്നാണ് പറയുന്നതെന്നും 7.25 ടി.എം.സി. ജലം ആളിയാർ ഡാമിൽ നിന്ന് റിലീസ് ചെയ്യണമെന്നതല്ല ഈ വ്യവസ്ഥയുടെ വ്യാഖ്യാനമെന്നും ആളിയാർ ഡാമിൽ നിന്ന് ഒഴുകുന്ന ജലം അക്കൗണ്ട് ചെയ്യാൻ സാധിക്കില്ലെന്നും ആളിയാർ ഡാമിൽ നിന്ന് 40 കി.മീ. താഴെയാണ് മണക്കടവ് വിയർ സ്ഥിതി ചെയ്യുന്നതെന്നും കരാർ വരുന്നതിന് മുമ്പും ഇപ്പോഴും തമിഴ്നാട്ടിലെ കർഷകർ ഈ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്തെടുക്കുന്നുണ്ടെന്നും അതുകൊണ്ടാണ് മണക്കടവിൽ വച്ച് മെഷർ ചെയ്യണമെന്ന് എഗ്രിമെന്റിൽ പറയുന്നതെന്നും മഴക്കാലത്ത് മണക്കടവിൽ 350-400 cusecs വരെ വെള്ളം ലഭിക്കാറുണ്ടെങ്കിലും അത് കണക്കാക്കുന്നില്ലെന്നും അധികമായി വരുന്ന ജലം unused flood water ആയാണ് കണക്കാക്കുന്നതെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ വ്യക്തമാക്കി.

കാവേരി ട്രൈബ്യൂണൽ വിധിക്കെതിരെ തമിഴ്നാട് സുപ്രീം കോടതിയിൽ ഐ.എ. ഫയൽ ചെയ്തിട്ടുണ്ടെന്നും അത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും സമിതി ആരാഞ്ഞു.

കേരളം വെള്ളമെടുക്കുന്നത് തടയുന്നതിനാണ് ഐ.എ. ഫയൽ ചെയ്തിട്ടുള്ളതെന്നും കാവേരി ജല തർക്കത്തിൽ സംസ്ഥാനത്തിന് ലഭിച്ച ജലം ഇഷ്ടാനുസരണം ഉപയോഗിക്കാമെന്ന നിലപാടാണ് സ്വീകരിച്ചതെന്നും എന്നാൽ ഇന്റർ ബേസിൻ ഡൈവേർഷൻ തമിഴ്നാട് അംഗീകരിച്ചിട്ടില്ലെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ചിറ്റൂർ ഡിവിഷൻ വ്യക്തമാക്കി. തുടർന്ന് ട്രൈബ്യൂണലിന്റെ അന്തിമ അവാർഡ് പാസ്സാക്കുന്നതിന് മുമ്പുള്ള ഐ.എ. ആണോയെന്ന് സമിതി ആരാഞ്ഞു. ട്രിബ്യൂണൽ അവാർഡ് 2007-ൽ ആയിരുന്നെന്നും ഐ.എ. 2012-ലേതാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

തമിഴ്നാട് നബാഡ് ഫണ്ടിംഗിലൂടെയാണ് 46 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചതെന്നും നബാർഡ് ഫണ്ടുപയോഗിച്ച് അന്തർ സംസ്ഥാന നദീജല പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരളത്തിന്റെ അനുമതി വാങ്ങേണ്ടതായിരുന്നെങ്കിലും അങ്ങനെ ചെയ്തില്ലെന്നും വെളിപ്പെടുത്തിയ സമിതി ഇക്കാര്യം നബാഡിന്റെ ശ്രദ്ധയിൽപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് ആരായുകയും തമിഴ്നാടിന്റെ അനുമതി വാങ്ങിയശേഷമാണ് കേരളം മൂലത്തറ ഡാമിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു.

നിലവിലുള്ള പ്രവൃത്തി നടത്തുമ്പോൾ പുതിയതായി അനുമതി വാങ്ങേണ്ടതില്ലെന്നും ഈ വിഷയം പരിശോധിച്ച് ആവശ്യമെങ്കിൽ നബാർഡിനെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു

കടവന്തോട് പദ്ധതിയ്ക്കായി 1.1 ടി.എം.സി. ശേഷിയുള്ള ഡാമാണ് പ്രൊപ്പോസ് ചെയ്തതെന്നും 30 ടി.എം.സി. വെള്ളം നിലനിർത്താൻ കഴിയുന്ന ഡാമാണെന്നിരിക്കെ, അവിടെ ചെക്ക് ഡാം മതിയെന്ന തീരുമാനമെടുത്തിട്ടില്ലെന്നും കടവന്തോടിന്റെ നിർമ്മാണത്തിനുള്ള പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ലെന്നും ചെക്ക് ഡാം പണിതില്ലെങ്കിൽ ഡാമിലെ വെള്ളം ഒട്ടും തടയാൻ കഴിയാതെ വരുമെന്നും കടവന്തോടിനുള്ള ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കുന്നതാണെന്നും സമിതി ചെയർമാൻ അറിയിച്ചു കടവന്തോട് പദ്ധതി തുടരണമെന്നുള്ള സമിതിയുടെ ആവശ്യത്തിന്മേൽ തുടർനടപടികളിൽ മുഖ്യമന്ത്രി അനുവാദം അറിയിക്കുകയുണ്ടായി.

2006-ൽ ആദിവാസി സെറ്റിൽമെന്റിനെക്കുറിച്ച് സുപ്രീംകോടതിയിൽ സമർപ്പിച്ച റിവ്യൂ ഹർജിയിൽ വൈൽഡ് ലൈഫ് സാങ്ച്വറിയുമായി ബന്ധപ്പെട്ട വിഷയം ഉന്നയിച്ചിട്ടില്ലെന്നും വൈൽഡ് ലൈഫ് സാങ്ച്വറി 136 കോണ്ടൂർ ലൈനിൽ എത്തുകയുണ്ടായിയെന്നും വർഷങ്ങൾ കഴിഞ്ഞപ്പോൾ വൈൽഡ് ലൈഫ് അതിർത്തി മാറുകയുണ്ടായിയെന്നും സമിതി അഭിപ്രായപ്പെട്ടു.

പറമ്പിക്കുളം ആളിയാർ കരാറിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മുന്നോട്ട് പോകണമെന്നും കരാറിലെ വ്യവസ്ഥപ്രകാരം തമിഴ്നാടിനും കേരളത്തിനും തുല്യ നിയന്ത്രണാധികാരമാണുള്ളതെന്നും എഗ്രിമെന്റ് പ്രകാരം കേരളവും തമിഴ്നാടും ഒന്നിച്ച് പ്രവർത്തിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. പറമ്പിക്കുളം ആളിയാർ കരാറിലെ വ്യവസ്ഥയനുസരിച്ച് കേരളത്തിനുള്ള നിയന്ത്രണാധികാരം കേരളം വിനിയോഗിക്കുക തന്നെ ചെയ്യണമെന്ന സമിതിയുടെ ആവശ്യത്തിന് കേരളവും തമിഴ്നാടും ഒരുമിച്ച് ഓപ്പറേഷൻ നടത്തുകയാണെങ്കിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്നും ലീഡിംഗ് കനാലിൽ സ്റ്റാഫിനെ നിയമിച്ചാൽ ഷട്ടർ ഓപ്പറേറ്റ് ചെയ്യാൻ പറ്റുന്ന സാഹചര്യം അവിടെ നിലവിലുണ്ടോയെന്ന കാര്യം പരിശോധിക്കണമെന്നും ജെ.ഡബ്ല്യു.ആർ.ബി.യുടെ തീരുമാനം തമിഴ്നാട് ലംഘിക്കുമ്പോൾ കേരളത്തിന് യാതൊന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും ഈ വിഷയം സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നിയമവകുപ്പ് സെക്രട്ടറി നിയമവശങ്ങൾ പരിശോധിച്ച് അതിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

2013-ലെ കേസ് ദീർഘകാലം നിലനിൽക്കില്ലെന്നുള്ളതാണ് നിയമവകുപ്പിന്റെ അഭിപ്രായമെന്നും കരാർ വ്യവസ്ഥ ലംഘനത്തിനെതിരെ സ്വീകരിക്കാൻ കഴിയുന്ന നടപടിയെക്കുറിച്ച് നിയമവകുപ്പിന് പരിശോധിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ട സമിതി, പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതിനും, പറമ്പിക്കുളം ലീഡിംഗ് കനാലിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു ഉദ്യോഗസ്ഥനെ അടിയന്തരമായി നിയമിക്കുന്നതിനും ശിപാർശ ചെയ്തു.

ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതി എപ്പോഴാണ് കൊടുത്തതെന്ന് സമിതി ആരാഞ്ഞതിന് തമിഴ്നാട് പാലാറിലും നെല്ലാറിലും ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും ഇക്കാര്യം തമിഴ്നാട് നേരിട്ട് അറിയിച്ചിരുന്നില്ലെന്നും ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയും കേരളത്തിന്റെ അനുമതിയില്ലാതെ ചെക്ക്ഡാം നിർമ്മിച്ചാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വ്യക്തമാക്കി.

പാലാറിലും നെല്ലാറിലും ചെക്ക്ഡാം നിർമ്മിക്കാൻ യാതൊരു തടസ്സവും ഉന്നയിക്കാതെ അനുമതി നൽകിയവർക്കെതിരെയും, എപ്രകാരമാണ് അനുമതി നൽകിയത് എന്നതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ജലവിഭവ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കോണ്ടൂർ കനാലിലെ വെള്ളം 10 വർഷം കഴിഞ്ഞാൽ കേരളത്തിന് അവകാശപ്പെട്ടതാണെന്നും അത് ലഭ്യമാക്കുന്നതിനുള്ള നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്നും വ്യക്തമാക്കിയ സമിതി കോണ്ടൂർ കനാലിലെ ജലം കേരളത്തിന് അവകാശപ്പെട്ടതാണെന്നും ഇതിൽ ബോർഡിന് തീരുമാനമെടുക്കാമോയെന്നും ആരാഞ്ഞു. 50 കി.മീ. നീളത്തിൽ പശ്ചിമഘട്ടത്തിന്റെ താഴ്ഭാഗത്തുകൂടി പോകുന്ന കനാലാണ് കോണ്ടൂർ കനാലെന്നും പശ്ചിമഘട്ടത്തിൽനിന്നും ഉത്ഭവിക്കുന്നതും ഭാരതപ്പുഴയിൽ വെള്ളം എത്തിക്കുന്നതുമായ ചെറിയ അരുവികൾ പല സ്ഥലത്തുവച്ചും ഇതിലേക്ക് ചേരുന്നുണ്ടെന്നും ഈ കനാലിനെ കട്ട് ആന്റ് കവർ കേരളം ഏറ്റെടുത്ത് ഭാരതപ്പുഴയിൽ വെള്ളം എത്തിക്കണമെന്നതാണ് ആവശ്യമെന്നും വിഷയം ബോർഡിൽ ഉന്നയിച്ചിട്ടുണ്ടെന്നും തീരുമാനം ബോർഡിനെടുക്കാൻ സാധിക്കുമോയെന്നത് സംശയമാണെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ വ്യക്തമാക്കി.

കാവേരി ട്രിബ്യൂണൽ വിധി അനുസരിച്ച് ബാണാസുര സാഗറിൽ നിന്ന് കേരളത്തിന് അർഹതപ്പെട്ട 30 ടി.എം.സി. വെള്ളം ഉപയോഗിച്ച് നടപ്പാക്കുവാൻ സാധിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും, കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ അവതരിപ്പിച്ച നാഷണൽ വാട്ടർ ഫ്രെയിംവർക്ക് ബിൽ, ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണൽ ബിൽ എന്നിവ കേരളത്തെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച പഠനം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്കേജ് പദ്ധതി സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കില്ലെന്ന് കേന്ദ്ര സർക്കാരിന്റെ രേഖാമൂലമുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ടെന്ന് ചെയർമാൻ സമിതിയിൽ അറിയിക്കുകയുണ്ടായി.

കാവേരി വിധിയിലെ ജലം വിനിയോഗിക്കുന്നതിനായി ലക്ഷ്യമിട്ട കടവന്തോട് പദ്ധതിയുടെ പ്രീഫീസിബിലിറ്റി സ്റ്റഡി നടന്നു വരുന്നുവെന്നും പദ്ധതി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് സ്റ്റഡിയെ ബാധിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

യോഗം വൈകുന്നേരം 4.50-ന് പിരിഞ്ഞു.

## 12-2-2018-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2018 ഫെബ്രുവരി 12-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ IV-B സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എ.എം. ആരിഫ്, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. പി. ടി. എ. റഹിം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി എ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ, (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
5. ശ്രീമതി സി.കെ. രാധാമണി, ചീഫ് എഞ്ചിനീയർ (കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ്
6. ശ്രീ. ടി. ജി. സെൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് -II),ജലസേചന വകുപ്പ്
7. ശ്രീ. വി. എസ്. ഷാജി, ചീഫ് എഞ്ചിനീയർ(മെക്കാനിക്കൽ),ജലസേചന വകുപ്പ്
8. ശ്രീ. ടെറൻസ് ആന്റണി, ചീഫ് എഞ്ചിനീയർ(ഐ.ഡി.ആർ.ബി), ജലസേചന വകുപ്പ്
9. ശ്രീ. ഉദയകുമാർ, ഡയറക്ടർ, കെ.ഇ.ആർ.ഐ., പീച്ചി
10. ശ്രീ. കെ.എച്ച്. ഷംസുദ്ദീൻ, ഡയറക്ടർ, ഐ.ഡി.ആർ.ബി.
11. ശ്രീ. സുധീർ പി, ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്
12. ശ്രീമതി ഗീത എൻ, ഡെപ്യൂട്ടി ഡയറക്ടർ, ഐ.എസ്.ഡബ്ല്യു., തിരുവനന്തപുരം
13. ശ്രീ. ഓമനക്കുട്ടൻ വി. എസ്., സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ഡി. സർക്കിൾ
14. ശ്രീമതി വി. ശശികല ഗോപിനാഥൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു.,
15. ശ്രീ. സാബു ജോർജ്ജ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
16. ശ്രീ. ജെയിംസ് വിൽസൺ, സ്പെഷ്യൽ ഓഫീസർ, ഐ.എസ്.ഡബ്ല്യു.,
17. ശ്രീമതി ബി. എ. ഗീതാകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
18. ശ്രീ. റെജി ജോൺ, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
19. ശ്രീമതി എൽസി ജോൺ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡി. സർക്കിൾ, ചെങ്ങന്നൂർ

20. ശ്രീ. കെ. ബി, മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, പ്രോജക്ട് II (ഇറിഗേഷൻ), തിരുവനന്തപുരം

21. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), തിരുവനന്തപുരം.

സമിതി 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം) പരിഗണിക്കുകയും ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

2700-02—<u>മലമ്പുഴ പദ്ധതി</u> (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റു ചെലവുകൾക്കും പലിശയ്ക്കും പെൻഷനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും ചാർജ്ജ്ഡ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളക്കരം അടയ്ക്കുന്നതിനും വൈദ്യുതി ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അധിക തുക ആവശ്യമായതിനാൽ <u>15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

2700-13—<u>കുറ്റ്യാടി പദ്ധതി</u> (വാണിജ്യേതരം)

ജലസേചന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കാവേരി ഹൗസിന്റെ സംരക്ഷണത്തിനും ഓഫീസ് ചെലവുകൾക്കുമായി <u>ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

2700-18—<u>കാഞ്ഞിരപ്പുഴ പദ്ധതി</u> (വാണിജ്യേതരം)

പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി <u>3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

2700- 25—മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)

പദ്ധതിയിലെ കനാലുകളുടെ സംരക്ഷണ പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-80-001-99—വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-വിവരസാങ്കേതികവിദ്യ.

പ്രോജക്ട്സ് I ചീഫ് എഞ്ചിനീയർ ഓഫീസിലെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഭരണ ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങിക്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-11—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പദ്ധതിയിലെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വൈദ്യുതി ചെലവുകൾക്കായി 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-001-93(2)—ഇടത്തരം ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-കാവേരി നദീതട പദ്ധതികൾ-നടത്തിപ്പ്

കാവേരി തടത്തിലെ പ്രോജക്ടുകളുടെ നടത്തിപ്പിനും ഡിവിഷൻ ഓഫീസുകളുടെ ശമ്പളത്തിനും അലവൻസുകൾക്കുമായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ഓഫീസ് ചെലവുകൾക്കായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-28—ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ശമ്പള ഇനത്തിൽ അധിക തുക ആവശ്യമായതിനാൽ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ബാണാസുര സാഗർ പദ്ധതിയുമായി ബന്ധപ്പെട്ട് സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് പ്രോജക്ട് I ടെക്നിക്കൽ വിഭാഗത്തിൽനിന്നും ഉദ്യോഗസ്ഥർ ഹാജരാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും നിരുത്തരവാദപരമായി പെരുമാറിയ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

ബാണാസുര സാഗർ പദ്ധതിയിൽ നിന്ന് 1.70 ടി.എം.സി. ജലം നൽകാൻ വിദ്യുച്ഛക്തി ബോർഡ് സന്നദ്ധമായതിനെത്തുടർന്ന് 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ, പര്യാപ്തമായ രീതിയിൽ ബാണാസുര സാഗർ പദ്ധതി പരിമിതപ്പെടുത്തിയെന്ന് അഭിപ്രായപ്പെട്ട സമിതി സ്ഥലമെടുപ്പിലുണ്ടാകുന്ന താമസവും സാങ്കേതിക ഉദ്യോഗസ്ഥരുടെ അഭാവവും പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്ന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും ഏതെങ്കിലും പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും ആരാഞ്ഞു.

തിരുവനന്തപുരം ഡിവിഷനിലാണ് ഒഴിവുള്ളതെന്നും ഏത് തസ്തികയിലാണ് ഒഴിവുള്ളതെന്ന് പരിശോധിക്കാമെന്നും സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) മറുപടി നൽകി.

4701-13—<u>കബിനി-കാരാപ്പുഴ പദ്ധതി</u> (വാണിജ്യേതരം)

മരാമത്തു പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി <u>3.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

4701-18—<u>ചമ്രവട്ടം പ്രോജക്ട്</u>

പദ്ധതിയുടെ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ജീവനക്കാർക്ക് ശമ്പളവും മറ്റു ആനുകൂല്യങ്ങൾ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി <u>ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

നബാർഡ് റിപ്പയർ വർക്കിന് തുക കൊടുക്കാത്ത സാഹചര്യത്തിൽ ചമ്രവട്ടം പദ്ധതിയ്ക്കായി 48 കോടി രൂപ വകയിരുത്തിയതെങ്ങനെയെന്നും പ്രസ്തുത തുക നബാർഡിന്റെ അസിസ്റ്റൻസാണോയെന്നും പ്രോജക്ട് ഐ.ഐ.ടി. പ്രൊപ്പോസ് ചെയ്തതെങ്ങനെയെന്നും ചമ്രവട്ടം പദ്ധതിയുമായി ബന്ധപ്പെട്ട് റെക്റ്റിഫിക്കേഷൻ വർക്കിന് നബാർഡിന്റെ

അസിസ്റ്റൻസ് ലഭിക്കുമോ തുടങ്ങിയ സമിതിയുടെ ചോദ്യങ്ങൾക്ക് നബാർഡ് റിപ്പയർ വർക്കിന് തുക കൊടുക്കാറില്ലെന്നും നബാർഡ് അസിസ്റ്റൻസ് എന്ന് പറഞ്ഞാണ് പ്ലാൻ അലോക്കേഷനിൽ തുക തന്നിരിക്കുന്നതെന്നും നബാർഡ് ഒറിജനൽ വർക്കിനുമാത്രമേ അസിസ്റ്റൻസ് നൽകാറുള്ളുവെന്നും ഐ. ഐ.ടി.യുടെ പ്ലാൻ കൂടാതെ 30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് എ.എസ്. കൊടുത്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡ് തന്ന അലോട്ട്മെന്റിൽ നബാർഡ് അസിസ്റ്റൻസാണെന്ന് പറഞ്ഞിട്ടുണ്ടെന്നും പദ്ധതിയുടെ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നാണ് തുക വകയിരുത്തിയിട്ടുള്ള തെന്നും സീനിയർ ഫിനാൻസ് ഓഫീസർ മറുപടി നൽകി.

ചമ്രവട്ടം പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. നൽകിയ ഡിസൈൻ പ്രകാരം വർക്ക് ചെയ്യേണ്ടതുണ്ടെന്നും അതു സംബന്ധിച്ച സാങ്കേതികവശം പരിശോധിക്കണ മെന്നും സമിതി അഭിപ്രായപ്പെട്ടു.

4701-80-800-72—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ-വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രൈനുകളുടെയും ആധുനികവൽക്കരണം</u>

വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളുടെയും ഡ്രൈനുകളുടെയും ആധുനികവൽകരണത്തിനുമായിട്ടാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതിയിലെ കനാൽ നവീകരണത്തിനായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച വിഷയം വളരെ ഗൗരവമേറിയതാണെന്നും കേരളത്തിന് 7.25 ടി.എം.സി. ജലമാണ് കിട്ടാനുള്ളതെന്ന ധാരണ ശരിയല്ലെന്നും അപ്രകാരമാണ് പത്രങ്ങളും മറ്റും പ്രചരണം നടത്തുന്നതെന്നും വെറ്റ്ലാന്റ് സ്റ്റെബിലൈസേഷനു വേണ്ടി 1 ടി.എം.സി. ജലം നൽകണമെന്ന് എഗ്രിമെന്റിൽ പറയുന്നുണ്ടെന്നും അത് 7.25 ടി.എം.സി.യിൽ ഉൾപ്പെടുന്നതല്ലെന്നും അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ എഗ്രിമെന്റ് പ്രകാരം ലഭിക്കേണ്ടതാണെന്നും 7.25 ടി.എം.സി. ജലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട കേസിനോടൊപ്പം പ്രളയജലം ലഭിക്കേണ്ടതുമായി ബന്ധപ്പെട്ട കേസും വാദിക്കണമെന്നും അഭിപ്രായപ്പെട്ട സമിതിയോട് പ്രസ്തുത വിഷയങ്ങൾ, കേന്ദ്രമന്ത്രി വിളിച്ചുചേർക്കുന്ന സൗത്ത് ഇന്ത്യൻ വാട്ടർ മിനിസ്റ്റേഴ്സിന്റെ യോഗത്തിൽ അവതരിപ്പിക്കാമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

2700-01—<u>പെരിയാർ നദീതട പദ്ധതി</u> (വാണിജ്യേതരം)

പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളുടെയും എസ്റ്റാബ്ലിഷ്മെൻറ് ചെലവിനും നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും മറ്റു ചെലവുകൾക്കും ചാർജ്ഡ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ 750 കി.മീറ്റർ കനാലിൻെറ അറ്റകുറ്റപ്പണികൾക്കായും തകർന്നുകിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും കനാൽ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-11—<u>നെയ്യാർ ജലസേചന പദ്ധതി</u> (വാണിജ്യേതരം)

നെയ്യാർ പദ്ധതിയുടെ സംരക്ഷണപണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-14—<u>വടക്കാഞ്ചേരി പദ്ധതി</u> (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-16—<u>പമ്പാ ജലസേചന പദ്ധതി</u> (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും പമ്പാ നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ

കനാലുകളുടെ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-27—<u>കല്ലട ജലസേചന പദ്ധതി</u> (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ ഭരണവും നടത്തിപ്പും ചെലവുകൾക്കായും സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനുമായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-80-001-98—<u>വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടവും</u>

പ്രോജക്ട് സർക്കിൾ പിറവം, പാലക്കാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടർ ജോലിയും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും കാരണം 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2700-80-001-97—<u>വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്</u>

തൃശ്ശൂർ, ചിറ്റൂർ എന്നിവിടങ്ങളിലെ ഇറിഗേഷൻ ഡിവിഷൻ ഓഫീസുകളുടെയും അവയുടെ സബ്ഡിവിഷൻ ഓഫീസുകളുടെയും ശമ്പളം, അലവൻസ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാലും കമ്പ്യൂട്ടർ ജോലിയും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-02—<u>ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി</u> (വാണിജ്യപരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണപണികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-03—<u>ചീരക്കുഴി പദ്ധതി</u> (വാണിജ്യപരം)

നടപ്പുസാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-14—<u>ചിമ്മിണി പദ്ധതി</u> (വാണിജ്യേതരം)

നടപ്പുസാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-004-96—<u>ഇടത്തരം ജലസേചനം-ജനറൽ-ഗവേഷണം ഗുണനിയന്ത്രണ യൂണിറ്റുകൾ</u>

പ്രസ്തുത ശീർഷകത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ ജോലിയും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും കാരണം 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-97—<u>ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും</u>

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായിട്ടാണ് ഈ സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിരിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമിലെ അറ്റകുറ്റപ്പണികൾക്കും ജലസേചന പദ്ധതികളുടെ ഷട്ടറുകളും മറ്റും പുനഃസ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-20—<u>ഇടമലയാർ പദ്ധതി</u> (വാണിജ്യേതരം)

പദ്ധതിയിലെ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 15 കോടി രൂപയും ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 12 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിൽ 13.50 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ കനാലുകൾ ഡിസ്റ്റിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 15 കോടി രൂപ അധികമായി ആവശ്യപ്പെടുന്നുവെന്നും എസ്റ്റാബ്ലിഷ്മെന്റിനായി മൊത്തം തുകയാണ് കാണിച്ചിരിക്കുന്നതെന്നും Pay-DA, HRA എന്നിവയ്ക്കായി പ്രത്യേകം തുക കാണിച്ചിട്ടില്ലെന്നും ഇത് ഷെയർ ഡെബിറ്റാണെന്നും പ്രോജക്ട് I-നെ പോലെ പ്രോജക്ട് II-നും ശമ്പളത്തിന് പ്രൊവിഷൻ ഇട്ടിട്ടില്ലെന്നും സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) വ്യക്തമാക്കി.

ഇടമലയാർ പ്രോജക്ടിൽ ശമ്പളം നൽകാനുള്ള തുക റവന്യൂ ഹെഡിൽ ഉണ്ടാകുമെന്നും പ്ലാനിംഗ് ബോർഡ് നൽകിയതു പ്രകാരമാണ് അലോക്കേഷൻ കാണിച്ചിരിക്കുന്നതെന്നും കഴിഞ്ഞ വർഷം ശമ്പളത്തിനു വേണ്ടി പ്രത്യേകം തുക കാണിച്ചിരുന്നുവെന്നും ഡെപ്യൂട്ടി സെക്രട്ടറി ധനകാര്യ വകുപ്പ് അറിയിച്ചു. ഇക്കാര്യങ്ങൾ പരിശോധിക്കണമെന്ന് സമിതി ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

4700-22—<u>മൂവാറ്റുപുഴ പദ്ധതി</u> (വാണിജ്യേതരം)

മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വർക്കുകൾ AIBP ഏറ്റെടുക്കുന്നതിനായി 50 കോടി രൂപയും ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി 15 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-80-800-92—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ-വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക</u>

വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോടതി കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4700-80-800-89—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി</u>

നിയമസഭാ നിയോജക മണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതിയിലെ ജോലികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-78—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാപ്രവൃത്തികൾക്ക് തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ മുമ്പ് അനുവദിച്ച പ്രവൃത്തി പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-102-96—മീനച്ചിൽ നദീതട പദ്ധതി (പ്ലാൻ)

പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചിൽ പദ്ധതിയിൽ വരുന്ന മിനി ഡാമുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-15-101-99-98-18—ഇടത്തരം ജലസേചനം-കുട്ടനാട് വികസന പദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്-സംരക്ഷണ പണികൾ മറ്റു ചെലവുകൾ സംരക്ഷണം

കുട്ടനാട് പാക്കേജ് നിർത്തുന്നതിനാൽ അവിടത്തെ പദ്ധതികളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-16-101-99-98-18—ഇടത്തരം ജലസേചനം-കാട്ടാമ്പള്ളി പദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്-സംരക്ഷണ പണികൾ-മറ്റു ചെലവുകൾ-സംരക്ഷണം

കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള പണികളുടെ സംരക്ഷണപണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽപണികൾ വെള്ളപ്പൊക്ക കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽപണികൾ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ-സംരക്ഷണം

പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പണികൾ-സിവിൽ പണികൾ-കടലാക്രമണ നിരോധന പണികൾ-സംരക്ഷണം

കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽതീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കടൽഭിത്തിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽപണികൾ

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-വെള്ളപ്പൊക്ക നിയന്ത്രണം-തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4711-02-103-99-01-02-03

കഴിഞ്ഞവർഷം ആലപ്പുഴ ജില്ലയിൽ അനുവദിച്ച വർക്കുകളെല്ലാം എക്സിക്യൂട്ട് ചെയ്തോയെന്നും അരൂർ, അമ്പലപ്പുഴ, ചെല്ലാനം എന്നീ പ്രോജക്ടിൽ ചെയ്ത വർക്കുകളെ സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് ആലപ്പുഴ ജില്ലയിൽ ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ അനുവദിച്ച വർക്കുകളെല്ലാം എമർജൻസി ടെണ്ടർ വിളിച്ച് എക്സിക്യൂട്ട് ചെയ്തിട്ടുണ്ടെന്നും കല്ലിന്റെ ക്ഷാമം ഉള്ളതുകൊണ്ട് ജിയോ ബാഗുകൾ ഉപയോഗിച്ചാണ് വർക്കുകൾ ചെയ്തതെന്നും പല വർക്കുകളുടെയും ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അമ്പലപ്പുഴ, അരൂർ മണ്ഡലങ്ങളിൽ അനുവദിച്ച വർക്കുകളെല്ലാം ചെയ്തിട്ടുണ്ടെന്നും ചെല്ലാനം പദ്ധതിയിൽ രണ്ട് മേജർ വർക്കുകളാണ് ചെയ്തിരിക്കുന്നതെന്നും 3.7 കോടി രൂപയുടെ വർക്കിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും എടവനക്കാട് 8 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കുകളാണ് ചെയ്യുന്നതെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് II അറിയിച്ചു.

2701-80-800-94-04—ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-യാത്രാ ചെലവുകൾ

അന്തർസംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീംകോടതിയിലും മറ്റു കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 7.92 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-05(3)—<u>ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവുകൾ</u>

ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യുവിന്റെ കാര്യാലയത്തിലെയും ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ കാര്യാലയത്തിലെയും ടെലിഫോൺ ബില്ലുകൾ അടയ്ക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-21-(2)—<u>ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും, അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-34-(3)—<u>ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-മറ്റു ചെലവുകൾ-മറ്റിനം</u>

അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീം കോടതിയിലും മറ്റു കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2701-80-800-94-45—<u>ഇടത്തരം ജലസേചനം-ജനറൽ-മറ്റു ചെലവുകൾ-കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം-പി.ഒ.എൽ.</u>

ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും, അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2701-80-005-93—<u>ഇടത്തരം ജലസേചനം-ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-മോഡണൈസേഷൻ ഓഫ് ഡിസൈൻ വിംഗ്</u>

ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ലാബുകൾ നവീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 95 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4701-80-800-88—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ-നദീതട സംഘടന രൂപീകരണം</u>

വിവിധ ജലസ്രോതസ്സുകളിലെ ജലലഭ്യത കണക്കാക്കുന്നതിന് ഗേജിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4701-80-800-99—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റു ചെലവുകൾ-കേരള എഞ്ചിനീയർ റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം</u>

ഐ.ഡി.ആർ.ബി.യുടെ കീഴിലുള്ള റിസർച്ച് വിഭാഗമായ കെ.ഇ.ആർ.ഐ.യുടെ വികസനം സാധ്യമാക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റിന്റെ പര്യവേഷണ പരിപാടികൾ, ജലസേചന നിർമ്മിതികളുടെ ഫിസിക്കൽ മോഡലിംഗ്, മാത്തമാറ്റിക്കൽ മോഡലിംഗ്, തീര സംരക്ഷണത്തിനുള്ള നൂതന മാർഗ്ഗങ്ങളുടെ ആവിഷ്കരണം, കനാലുകളുടെ ക്ഷമത

വർദ്ധിപ്പിക്കുന്നതിനായി ജിയോ മെമ്പറൈൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ, റിസർവോയറുകളുടെ സംഭരണശേഷി നിലനിർത്തുന്നതിന് ആവശ്യമായ എക്കൽ നീക്കുന്നതു സംബന്ധിച്ചുള്ള പഠനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ബാണാസുര സാഗർ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്ക് നോൺപ്ലാൻ എക്സ്പെൻഡിച്ചർ തുക വകയിരുത്തിയിട്ടില്ലെന്നും അലോട്ട്മെന്റില്ലാതെ ശമ്പളം കൊടുക്കാൻ കഴിയില്ലെന്നും അഭിപ്രായപ്പെട്ട സമിതി, ബഡ്ജറ്റിൽ ഇങ്ങനെ സംഭവിച്ചത് എന്തു കൊണ്ടാണെന്ന് ആരാഞ്ഞു.

പ്ലാൻ ഹെഡിലാണ് ആ തുക വരുന്നതെന്നും പുതിയ പദ്ധതികൾക്ക് പ്ലാൻ ഹെഡ്ഡിൽ നിന്നാണ് ശമ്പളം കൊടുക്കുന്നതെന്നും കഴിഞ്ഞവർഷം വരെ അങ്ങനെയാണ് ചെയ്തു കൊണ്ടിരുന്നതെന്നും പ്ലാനിംഗ് ബോർഡ് അലോട്ട്മെന്റ് തരുമെന്നും അഡീഷണൽ ആതറൈസേഷനായി അത് കൊടുക്കാമെന്ന് അഡീഷണൽ ഡെപ്യൂട്ടി സെക്രട്ടറി ധനകാര്യ വകുപ്പ് അറിയിച്ചു.

ലേബർ ഡിപ്പാർട്ട്മെന്റിൽ നോൺ പ്ലാനിംഗ് അലോട്ട്മെന്റില്ലാതെ സാലറി കൊടുത്തതെങ്ങനെയാണെന്ന് ധനകാര്യ വകുപ്പിൽ നിന്നും ചോദ്യം ഉണ്ടായിയെന്നും അതു പോലെയുള്ള ഒരു പ്രശ്നം ഇവിടെയും ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ശമ്പളത്തിനും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻഡീച്ചറിനും വേണ്ടി നേരത്തെയുണ്ടായിരുന്ന ഒരു ഹെഡ്ഡ് മാറ്റി അതെല്ലാം ഒരു ഹെഡ്ഡിൽ ആക്കിയാൽ ബുദ്ധിമുട്ടുണ്ടാകും എന്നതാണ് പ്രശ്നമെന്നും പ്ലാൻ, നോൺപ്ലാൻ എന്നും ബൈഫർക്കേഷൻ വേണ്ടെന്നും ഒരു പ്രോജക്റ്റിന് തുക അനുവദിക്കുമ്പോൾ ആ പ്രോജക്റ്റ് നടത്തുന്ന ആളുകൾ ഗവൺമെന്റ് റൂൾ അനുസരിച്ച് സാലറി കൊടുക്കട്ടെ അതിനുവേണ്ടി പ്രത്യേകമായി തുക വകയിരുത്തേണ്ടതില്ല എന്നാണോ ഉദ്ദേശിക്കുന്നതെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ധനകാര്യ വകുപ്പിനോട് ചോദിച്ചതിന് പ്ലാനിംഗ് ബോർഡ് അങ്ങനെ തീരുമാനിച്ചതെന്തുകൊണ്ടെന്ന് അറിയില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചു.

ജീവനക്കാർക്ക് നൽകേണ്ട സാലറി അഡീഷണൽ ആതറൈസേഷനായി കൊടുക്കാം എന്ന മറുപടി ശരിയല്ലെന്നും ഈ വിഷയം പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഈ വർഷത്തെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്ന് സമിതി ആരാഞ്ഞതിന് എക്സ്പെൻഡീച്ചർ 43 ശതമാനം വന്നിട്ടുണ്ടെങ്കിലും ട്രഷറി എക്സ്പെൻഡീച്ചർ 30.95 ശതമാനമാണെന്നും ഇത് തമ്മിൽ 13 ശതമാനത്തിന്റെ വ്യത്യാസമുണ്ടെന്നും അത് പെൻറ്റിംഗ് ബില്ലായി വന്നിട്ടുണ്ടെന്നും ഇറിഗേഷൻ വകുപ്പിനെ സംബന്ധിച്ച് 31-12-2017-ലെ കണക്കെടുത്തിട്ടുണ്ടെന്നും പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് എക്സ്പെൻഡീച്ചർ ഇറിഗേഷൻ (ഐ&എ) 63.93%, വാട്ടർ അതോറിറ്റി 43.86%, ജലനിധി 42.66%, ഇറിഗേഷൻ പ്രോജക്ട് II 41.69%, ഗ്രൗണ്ട് വാട്ടർ 66.50%, എന്നിങ്ങനെയാണെന്നും 'കാഡ' തുകയൊന്നും ചെലവാക്കിയിട്ടില്ലെന്നും കഴിഞ്ഞവർഷം 4 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും കാഡയിൽ 6 കോടിയിലധികം രൂപയുടെ പെൻഡിംഗ് ബില്ലുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ഒരോ ശീർഷകത്തിലും കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്ന് ഇപ്രാവശ്യം എത്ര രൂപയുടെ കുറവാണ് വന്നിട്ടുള്ളതെന്ന് കണ്ടെത്തി പ്ലാനിംഗ് ബോർഡുമായി പ്രസ്തുത വിഷയം ചർച്ച ചെയ്ത് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു.

## 16-2-2018-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2018 ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.
2. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം.എൽ.എ.
3. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
4. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.
5. ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി എ. ഷൈനാമോൾ, എം. ഡി., കേരള വാട്ടർ അതോറിറ്റി
3. ശ്രീമതി താരാ സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീ. സബിൻ സമദ്, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ
5. ശ്രീമതി എ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
6. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. വി. എൻ. മോഹൻകുമാർ, ഡയറക്ടർ, ജലനിധി
9. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്
10. ശ്രീ. ടി. രവീന്ദ്രൻ, ടെക്നിക്കൽ മാനേജർ, കേരള വാട്ടർ അതോറിറ്റി
11. ശ്രീ. എസ്. ഹാരിസ്, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
12. ശ്രീ. എ. ആർ. അജയകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ. ഡബ്ല്യൂ.എസ്.എ.
13. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
14. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ (കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ്.
15. ശ്രീ. എം. എ. സെബാസ്റ്റ്യൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (മൈനർ സർക്കിൾ), എറണാകുളം
16. ശ്രീ. എസ്. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചന വകുപ്പ്

17. ശ്രീ. കെ. എച്ച്. ഷംസുദ്ദീൻ, ഡയറക്ടർ, ഐ.ഡി.ആർ.ബി.

18. ശ്രീ. പി. സുധീർ, ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

19. ശ്രീമതി ഹഫ്സ ബീവി എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്

20. ശ്രീ. സി. ടി. രാജേഷ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

21. ശ്രീ. ജോസ് ജെയിംസ്, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്

22. ശ്രീമതി എൻ. ഗീത, ഡെപ്യൂട്ടി ഡയറക്ടർ, ഐ.എസ്.ഡബ്ല്യു.

23. ശ്രീ. ജി. അജിത്കുമാർ, എ. എം., കേരള വാട്ടർ അതോറിറ്റി.

സമിതി 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥന നമ്പർ XXXVIII ഉൾപ്പെട്ട കുട്ടനാട് പാക്കേജ്, ധനാഭ്യർത്ഥന നമ്പർ XXIX—(കൃഷി), XX—(ശുദ്ധജല വിതരണവും ശുചീകരണവും) എന്നിവ പരിഗണിക്കുകയും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

4711-01-103-86—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ-പ്രധാനമന്ത്രി കൃഷി സിൻചായി യോജന കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം</u> (50% കേന്ദ്രാവിഷ്കൃത പദ്ധതി)

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച എഫ്.എം.പി. സ്കീമുകളായ KEL-I, KEL-II എന്നിവ അവസാനിച്ചുവെങ്കിലും മേൽ സ്കീമിലെ നിർമ്മാണ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കൊടുത്തു തീർക്കുന്നതിനും പൂർണ്ണാവസ്ഥയിലായ KEL-III സ്കീമിലെ ഇനിയും തീർക്കേണ്ട പദ്ധതികൾക്കായും KEL-IV-ലെ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 28.27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കുട്ടനാട് പാക്കേജ് നിർത്തലാക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ, പ്രസ്തുത പാക്കേജിനായി കഴിഞ്ഞ വർഷം അനുവദിച്ച തുകയിൽ നിന്നും ചെലവാക്കിയ തുക പി.എം.കെ.എസ്.വൈ. പദ്ധതിയിലാണോ ആവശ്യപ്പെട്ടത് തുടങ്ങിയ

വിശദാംശങ്ങൾ സമിതി ആവശ്യപ്പെട്ടതിന് കുട്ടനാട് പാക്കേജിലെ ഏറ്റെടുത്ത വർക്കുകൾ പൂർത്തിയാക്കിയാൽ മതിയെന്നും പുതിയ വർക്കുകൾ ഏറ്റെടുക്കേണ്ടെന്നുമാണ് ധനകാര്യവകുപ്പും പ്ലാനിംഗ് ബോർഡും പറഞ്ഞിട്ടുള്ളതെന്നും കഴിഞ്ഞവർഷം 100 കോടി രൂപ അനുവദിച്ചതിൽ 72 കോടി രൂപ ചെലവായിട്ടുണ്ടെന്നും ഇത് ഫ്ലഡ്മാനേജ്മെന്റ് സ്കീമിലാണ് വരുന്നതെന്നും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ (കുട്ടനാട് പാക്കേജ്) വ്യക്തമാക്കി. സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനിൽ വരാതെ കുട്ടനാട് പാക്കേജ് സംബന്ധിച്ച പ്രൊപ്പോസൽ നൽകുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞു.

പി.എം.കെ.എസ്.വൈ. വരുന്നതിനുമുമ്പുള്ള പ്രോജക്ടുകളാണെങ്കിൽ ഫ്ലഡ് മാനേജ്മെന്റ് ഉൾപ്പെടെ പി.എം.കെ.എസ്.വൈയിലാണ് ചാർജ് ചെയ്യുന്നതെന്നും നേരത്തെയുള്ള പ്രോജക്ടല്ലെങ്കിൽ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തണമെന്നും പുതിയ പ്രോജക്ടുകൾ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ട തെന്നും നേരത്തെയുണ്ടായിരുന്ന ഒരു പ്രോജക്ട് ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമാണെങ്കിൽ പ്പോലും ഇപ്പോൾ പി.എം.കെ.എസ്.വൈയിലാണ് ചാർജ് ചെയ്യുന്നതെന്നും ചെയ്തു കഴിഞ്ഞ വർക്കുകളുടെ തുക ആവശ്യപ്പെടുന്നതിന് അത് ഡി.ഐ.പിയിൽ ഉൾപ്പെടുത്തണ മെന്നില്ലെന്നും ഇന്ത്യാ ഗവൺമെന്റിന്റേതായി ഇപ്പോൾ പി.എം.കെ.എസ്.വൈ. മാത്രമേയുള്ളുവെന്നും പഴയ പ്രോജക്ടുകളെല്ലാം ഇതിൽ ഉൾപ്പെടുത്തിയാണ് തുക വകയിരുത്തുന്നതെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ജലസേചനവകുപ്പ് അറിയിച്ചു.

2215-01-102-80—<u>ശുദ്ധജല വിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണ പദ്ധതി പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ</u>

പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

നിലവിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്ന ചില പദ്ധതികൾ ബോർവെൽ അധിഷ്ഠിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി പദ്ധതി പരാജയപ്പെടുന്ന സ്ഥലങ്ങളിൽ എന്തൊക്കെച്ചെയ്യുന്നുണ്ടെന്നും അതിനുള്ള സാമ്പത്തിക സഹായം എപ്രകാരമാണെന്നും ആരാഞ്ഞു.

ജലനിധി പദ്ധതിയിൽ ബോർവെല്ലിലും അല്ലാതെയുള്ളതുമുണ്ടെന്നും ബോർവെൽ പരാജയപ്പെടുന്ന സ്ഥലങ്ങളിൽ അഡീഷണൽ സോഴ്സ് കണ്ടെത്തുകയാണ് ശാസ്ത്രീയമായി ചെയ്യുന്നതെന്നും സ്കീമിന്റെ നടപ്പ് കാലത്താണെങ്കിൽ സാമ്പത്തിക സഹായം ചെയ്തു കൊടുക്കുന്നുണ്ടെന്നും ഡയറക്ടർ ജലനിധി വ്യക്തമാക്കി.

പദ്ധതി നടത്തുമ്പോൾ ഗ്രൗണ്ട്‌വാട്ടർ താഴ്ന്നുപോകുന്ന സ്ഥലങ്ങളിൽ പദ്ധതി പരാജയപ്പെടുകയോ കിണറ്റിലെ വെള്ളം താഴ്ന്നുപോകുകയോ ചെയ്താൽ സ്വീകരിക്കുന്ന നടപടിയെക്കുറിച്ച് സമിതി ആരാഞ്ഞു.

ജലനിധി പദ്ധതി ആരംഭിച്ചത് 2001-ൽ ആണെന്നും അന്ന് തുടങ്ങിയ പദ്ധതികളിൽ ചിലത് നിലച്ചുപോയിട്ടുണ്ടെന്നും അത്തരം പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ വർഷം മുതൽ പുതിയ ഹെഡ്ഡിൽ തുക വകയിരുത്തിയിരിക്കുന്നതെന്നും ഡയറക്ടർ, ജലനിധി അറിയിച്ചു.

ടാങ്കും മറ്റ് സൗകര്യങ്ങളുമുള്ള സ്ഥലത്ത് സോഴ്സ് പരാജയപ്പെട്ടാൽ വാട്ടർ അതോറിറ്റിയുടെ ജലം ഉപയോഗിക്കാൻ കഴിയുമോയെന്നുള്ളത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ജലനിധിയുടെ പരാജയപ്പെട്ട സ്കീമുകളെക്കുറിച്ചുള്ള വിശദാംശം സമിതി ആവശ്യപ്പെട്ടതിന് പ്രവർത്തനിമല്ലാത്ത 30 ശതമാനം പദ്ധതികളിൽ 20 ശതമാനം സോഴ്സ് പരാജയപ്പെട്ട കേസ്സുകളാണെന്നും ആകെ 3710 സ്കീമുകളാണ് ഉള്ളതെന്നും അതിൽ 780- ഓളം സ്കീമുകൾ ക്രമേണ ഉറവിടത്തിന്റെ അഭാവം കാരണം ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നും ഡയറക്ടർ, ജലനിധി അറിയിച്ചു.

ടാങ്കുകളിൽ മഴവെള്ളം സംഭരിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുകയാണ് ചെയ്യുന്നതെന്നും പല സ്കൂളുകളിലും മഴവെള്ള സംഭരണികൾ മെയിന്റനൻസ് ചെയ്യാത്തതിനാൽ പ്രവർത്തനക്ഷമമല്ലെന്നും അതിനുപകരം കിണർ റീ-ചാർജ് ചെയ്യുന്നതായിരിക്കും നല്ലതെന്നും സമിതി അഭിപ്രായപ്പെട്ടു.

കടിവെള്ളപദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ചും പദ്ധതിയുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞു. ജലനിധിയുടെ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പദ്ധതികളിലും പുതിയതായി ഉറവിടം പുനരുജ്ജീവിപ്പിക്കുന്ന പദ്ധതികളിലും എൻ.ജി.ഒ.യുടെ സഹായം ലഭിക്കുന്നുണ്ടെന്നും കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുക എന്നത് പുതിയ പദ്ധതിയാണെന്നും ഇതു സംബന്ധിച്ച് വിശദമായ പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ഡയറകർ, ജലനിധി മറുപടി നൽകി.

2215-01-190-99(01)—ശുദ്ധജല വിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജലഅതോറിറ്റിയ്ക്കുള്ള സഹായധനം-പര്യവേഷണവും സൂക്ഷ്മ പരിശോധനയും

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും കടിവെള്ളം എത്തിക്കുകയാണ് കേരള വാട്ടർ അതോറിറ്റിയുടെ ലക്ഷ്യമെന്നും അതിനായി വിശദമായ സർവ്വേ നടത്തി കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കുന്നതിനും സർവ്വേ പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന 2 കോടി രൂപയിൽ 57.44 ലക്ഷം രൂപ മാത്രം ചെലവഴിച്ചിട്ടുള്ളുവെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ആയതിനുള്ള കാരണം ആരായുകയും ചെയ്തു. കഴിഞ്ഞതവണ വാട്ടർ അതോറിറ്റിയുടെ സർവ്വേയേഴ്സാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും ഇപ്രാവശ്യം വാട്ടർ അതോറിറ്റിയുടെ സർവ്വേയേഴ്സ് മതിയാകാതെ വരുന്നതിനാൽ ഔട്ട്സോഴ്സ് ചെയ്യേണ്ടിവരുമെന്നും ആയതിലേക്ക് ചെലവ് കൂടുമെന്നും വാട്ടർ അതോറിറ്റി എം. ഡി. വ്യക്തമാക്കി.

പല സ്ഥലങ്ങളിലും വാട്ടർ ടാങ്ക് പൂർത്തിയാക്കിയതിനുശേഷമാണ് വിതരണത്തിനുള്ള നടപടി തുടങ്ങുന്നതെന്നും പ്രൊഡക്ഷൻ കമ്പോണന്റും ഡിസ്ട്രിബ്യൂഷൻ സിസ്റ്റവും ഒന്നിച്ച് തീരുന്ന രീതിയിൽ പദ്ധതി തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും അപ്രകാരം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

2215-01-190-92—ശുദ്ധജല വിതരണവും ശുചീകരണവും പര്യവേഷണവും സൂക്ഷ്മ പരിശോധനയും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിയുടെകീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നതിനാൽ കോടിക്കണക്കിന് രൂപയുടെ ആസ്തികൾ നശിക്കുകയാണെന്നും

ജലശുദ്ധീകരണ ശാല, ജലസംഭരണികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ മുടങ്ങുന്നത് ജലഗുണനിലവാരത്തെയും പൊതുജനാരോഗ്യത്തെയും ബാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൃത്യമായ ഇടവേളകളിൽ പമ്പ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4215-01-190-97—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്-ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം-ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിന് പഴയ ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനും പഴയ പൈപ്പ് ലൈനുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റുന്നതിനും പി.പി.എച്ച്.ഇ.ഇ.ഒ.യുടെ നിർദ്ദേശാനുസരണം കുടിവെള്ളത്തിൽ കലങ്ങലിന്റെ പരിധി 1 എൻ.ടി.യു. ആയി മാറ്റുന്നതിനും ശുദ്ധീകരണ ശാലകളിലെ വിവിധ ഘടകങ്ങൾ പുതുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

തൃക്കാക്കര മണ്ഡലത്തിലെ തുദിയൂർ, രാമകൃഷ്ണനഗർ, കാക്കനാട് പ്രദേശത്ത് ജലവിതരണം മെച്ചപ്പെടുത്തലിന്റെ ഭാഗമായി വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തന്നതിൻ പ്രകാരം 2016-17-ൽ എം.എൽ.എ. ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ കൊടുത്തുവെന്നും എന്നാൽ വാട്ടർ അതോറിറ്റി 10 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-ക്ക് കെട്ടിവയ്ക്കണമെന്ന കാരണത്താൽ ഫണ്ട് ഇപ്പോഴും ചെലവഴിക്കാൻ പറ്റിയിട്ടില്ലെന്നും സമിതി വിലയിരുത്തി.

പ്രസ്തുത വിഷയം പരിശോധിച്ച് അടിയന്തരമായി നടപടിയെടുക്കാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) അറിയിച്ചു.

പേയ്മെന്റ് യഥാസമയം നൽകാത്തതിനാൽ പമ്പ്ഹൗസുകളുടെ മെയിന്റനൻസ് നടക്കാത്ത സാഹചര്യമുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. രണ്ട് മാസത്തെ ഫണ്ട് ഇപ്പോൾ നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളത് നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും വാട്ടർ അതോറിറ്റി എം. ഡി. വ്യക്തമാക്കി. വരൾച്ചയ്ക്കു മുമ്പ് റണ്ണിംഗ് കോൺട്രാക്ടേഴ്സിന് പണം കൊടുത്തില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകുമെന്നും അത് സ്ഥാപനത്തിന്റെ വിശ്വാസ്യതയെ

ബാധിക്കുമെന്നും വാട്ടർ അതോറിറ്റിക്ക് പ്രതിമാസം 30 കോടി രൂപ വരവിനേക്കാൾ കൂടുതൽ ചെലവാകുന്നുണ്ടെന്നും പ്രോജക്ടുകളുടെ കാര്യം വേറെയാണെന്നും ഇക്കാര്യങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ ആരായേണ്ടതുണ്ടെന്നും പല സ്ഥലത്തും തദ്ദേശ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തി തദ്ദേശ സ്ഥാപനങ്ങൾ നിർദ്ദേശിച്ച ടാപ്പുകൾ പൂട്ടിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള തുകയുടെ പെന്റൻസിതന്നെ ഏകദേശം 300 കോടി രൂപയോളമുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബി.പി.എൽ കുടുംബങ്ങളെയും സാധാരണ കുടിവെള്ളം ഉപയോഗിക്കുന്ന ആളുകളെയും ബാധിക്കാത്ത രീതിയിൽ 1500 സ്ക്വയർ ഫീറ്റിന് മുകളിൽ വീടുള്ളവർ അല്ലെങ്കിൽ ഒരു നിശ്ചിത ലിറ്ററിന് മുകളിൽ വെള്ളം ഉപയോഗിക്കുന്നവരിൽ നിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ കൂടുതൽ തുക ഈടാക്കുന്നതിനും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

4215-01-101-96—<u>ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്-ശുദ്ധജല വിതരണം-നഗര ജല വിതരണ പദ്ധതി-അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം</u>

പ്രധാന പമ്പിംഗ് സ്റ്റേഷനുകളിൽ ഒന്നായ അരുവിക്കരയിൽ ഉയർന്നശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

പ്രസ്തുത ഹെഡ്ഡിൽ കഴിഞ്ഞ വർഷം തുക ചെലവിടാത്തത് എന്തുകൊണ്ടാണെന്നും തുക വകയിരുത്തിയത് എന്തിനുവേണ്ടിയാണെന്നും സമിതി ആരാഞ്ഞു. പ്രസ്തുത ഹെഡ്ഡിൽ ഇലക്ട്രിക്കൽ കമ്പോണന്റ് ആണ് കൂടുതലുള്ളതെന്നും വാട്ടർ അതോറിറ്റിയ്ക്ക് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന്റെ നല്ലൊരു വിംഗ് ഇല്ലാത്ത പ്രശ്നമുണ്ടെന്നും അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണത്തിനുവേണ്ടിയാണ് കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയ തെന്നും ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചെറിയ പോരായ്മകളുണ്ടായിരുന്നതിനാൽ ടെണ്ടർ എടുക്കാൻ ആളുണ്ടായില്ലെന്നും പിന്നീട് പ്രഗൽഭരുടെ സഹായത്തോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ടെണ്ടർ ചെയ്തിട്ടുണ്ടെന്നും എം. ഡി. വാട്ടർ അതോറിറ്റി അറിയിച്ചു ഡി.പി.ആർ. തയ്യാറാക്കുമ്പോൾതന്നെ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

4215-01-102-95—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ്- ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-തുടർ പദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

ഈ സാമ്പത്തികവർഷം പുതുതായി അനുവദിച്ച ശീർഷകമാണ് ഇതെന്നും 50 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ കുറെവർഷങ്ങളായി കേന്ദ്രവിഹിതം കുറിച്ചിരിക്കുകയാണെന്നും ഏകദേശം 300 കോടി രൂപയുടെ പെൻഡിംഗ് ബിൽ ഈ പദ്ധതിയിലുണ്ടെന്നും വാട്ടർ അതോറിറ്റി എം. ഡി. വ്യക്തമാക്കി.

കേന്ദ്രഗവൺമെന്റ് ബഡ്ജറ്റിൽ 7000 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ കേരളത്തിനു ലഭിക്കുന്ന തുക, അതിനുവേണ്ടി തയ്യാറാക്കിയ പ്രൊപ്പോസൽ ഇവ വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടു. പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ അലോക്കേഷൻ നടത്തുമെന്ന് പറഞ്ഞുകൊണ്ട് കേരളത്തിന് കൂടുതൽ തുക ലഭിക്കാനുള്ള സാധ്യതയുണ്ടെന്നും രണ്ടാമത്തെ ഇൻസ്റ്റാൾമെന്റിന്റെ ഒരു ഘടകം റിലീസ് ചെയ്യുന്നത് ഓരോ സ്റ്റേറ്റിന്റെയും പെർഫോമൻസിന്റെ അടിസ്ഥാനത്തിലാണെന്നും അപ്രകാരം കേരളത്തിന് 25 കോടി രൂപ റിലീസ് ചെയ്തുകിട്ടിയെന്നും 7000 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക ലഭിക്കാൻ സാധ്യതയുള്ള സംസ്ഥാനം കേരളം തന്നെയാണെന്നും എം. ഡി. കേരള വാട്ടർ അതോറിറ്റി വ്യക്തമാക്കി.

2016-17 സാമ്പത്തിക വർഷാരംഭത്തിൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചെറുതും വലുതുമായ പദ്ധതിയ്ക്കുള്ള കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചതിനാൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് ഭീമമായ കുടിശ്ശികവരികയും പദ്ധതി നിർവ്വഹണം മുടങ്ങുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടന്നുവരുന്ന പദ്ധതികളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4215-01-800-92—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ്- ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-ജല സംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ചെക്ക്ഡാമുകൾ പണിത് അവയുടെ സംഭരണശേഷി കൂട്ടുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മലമ്പുഴ ഡാമിൽ നിന്നുള്ള ജലം കിൻഫ്രയ്ക്ക് കൊടുക്കുന്നുവെന്നും പുതുശ്ശേരിയിൽ രണ്ട് മലകൾ ഡാംപോലെ ചേരുന്നിടത്ത് ചെറിയൊരു ഡാം നിർമ്മിച്ചാൽ കിൻഫ്രയ്ക്ക് കൊടുക്കാനുള്ള ജലം അവിടെ നിന്ന് ലഭിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതുമായി ബന്ധപ്പെട്ട വിശദമായ പഠനം ആരംഭിച്ചിട്ടുണ്ടെന്നും ജലസേചന വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

**ക്വാളിറ്റി കൺട്രോൾ**

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ (ജലവിതരണ മേഖലയിലും ആസ്തി വികസനത്തിനും) ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ലാബുകളുടെ അറ്റകുറ്റപ്പണികൾക്കും ലാബുകൾക്കായുള്ള കെട്ടിട നിർമ്മാണത്തിനും ഗുണനിലവാരം പരിശോധിക്കുന്നതിനായി തേർഡ് പാർട്ടി ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും പ്രാദേശികമായി മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-01-190-99(19)31—ശുദ്ധജല വിതരണവും പര്യവേഷണവും സൂക്ഷ്മ പരിശോധനയും- പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജലഅതോറിറ്റിക്കുള്ള സഹായധനം- സഹായധനം-ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ

അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 213.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-01-190-99(19)36—<u>ശുദ്ധജല വിതരണവും ശുചീകരണവും പര്യവേഷണവും സൂക്ഷ്മ പരിശോധനയും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജലഅതോറിറ്റിക്കുള്ള സഹായധനം-സഹായധനം-ശമ്പളേതരം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 150.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-02-190-99(02)31—<u>ശുദ്ധജല വിതരണവും ശുചീകരണവും മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം-ശമ്പളം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതിചാർജ്ജ് എന്നിവയ്ക്കുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷക ത്തിൽ 21.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2215-02-190-99(02)36—<u>ശുദ്ധജല വിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം-ശമ്പളേതരം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്,

വൈദ്യുത ചാർജ് എന്നിവയുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 14.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പല സ്ഥലങ്ങളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി വെള്ളം ഒഴുകി പോകുന്നുണ്ടെന്നും അതിന്റെ ഉത്തരവാദിത്വം അതത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകണമെന്നും വകുപ്പുകൾതമ്മിൽ ഏകോപനമില്ലാത്തത് മറ്റൊരു പ്രശ്നമാണെന്നും വർക്കുകൾ നടക്കുമ്പോൾത്തന്നെ വകുപ്പുകൾ തമ്മിൽ ഏകോപനം ഉണ്ടാകണമെന്നും അതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ പ്രശ്നം കഴിഞ്ഞ 25 വർഷമായി ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെന്നും വിവിധ ഗവൺമെന്റുകൾ ശ്രമിച്ചിട്ടും വകുപ്പുകൾ തമ്മിലുള്ള ഏകോപനം തൃപ്തികരമായ നിലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്നും പി.ഡബ്ല്യു.ഡി. ജലവിഭവം, ഐ.ടി. വകുപ്പ് എന്നിവയെ കോ-ഓർഡിനേറ്റ് ചെയ്യാൻ വേണ്ടി മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടത്തിയിട്ടുണ്ടെന്നും സെക്രട്ടറിതലത്തിൽ യോഗം ചേർന്ന് ഗൈഡ്‌ലൈൻ പ്രൊപ്പോസ് ചെയ്തെങ്കിലും ചെറിയ അഭിപ്രായ വ്യത്യാസങ്ങളുണ്ടെന്നും ഒന്നിൽക്കൂടുതൽ മേഖലയിൽ വർക്ക് ചെയ്യുന്ന കോൺട്രാക്ടർമാരെ നിശ്ചയിക്കുകയും കരാർപ്രകാരമുള്ള ബാദ്ധ്യത അവർക്ക് കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്നും നിലവിൽ പ്രശ്നപരിഹാരത്തിനായി ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ടെന്നും കളക്ടറുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ബന്ധപ്പെട്ട വകുപ്പുകൾ പങ്കെടുത്ത് ധാരണയിലെത്തിയശേഷം പിന്നീട് പരിശോധന വേണമെന്ന് ആവശ്യപ്പെടുകയുമാണ് ചെയ്യുന്നതെന്നും പുതിയ രീതിയിൽ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി ഉത്തരവ് ഇറക്കാനുള്ള ശ്രമത്തിലാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

പൈപ്പുകളിൽ ലീക്ക് റിപ്പോർട്ട് ചെയ്താൽ ഇത്ര ദിവസത്തിനകം ശരിയാക്കണമെന്ന നിർദ്ദേശം കൊടുക്കാൻ കഴിയുമോയെന്നും ലൈനുകളിലെ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിന് പുതിയ സാങ്കേതികവിദ്യയോ ഉപകരണങ്ങളോ വികസിപ്പിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. നിലവിലുള്ള ഉപകരണം സൗണ്ട് സിസ്റ്റം ഉപയോഗിച്ച് ലീക്കേജ് കണ്ടുപിടിക്കുന്നതാണെന്നും രാത്രികാലങ്ങളിൽ മാത്രമേ ഇത് പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും അതിന്റെ യൂണിറ്റ് ഹെഡ് ഓഫീസിൽ മാത്രമാണുള്ളതെന്നും

രാത്രി 12.00 മണിക്ക് ശേഷമാണ് ഈ ഉപകരണം വച്ച് ടെസ്റ്റ് നടത്തുന്നതെന്നും ടെക്നിക്കൽ മാനേജർ വാട്ടർ അതോറിറ്റി അറിയിച്ചു. ഒരു സോഴ്സിൽ നിന്ന് തുറന്ന് വിടുന്ന വെള്ളത്തിന്റെ ഒരു നിശ്ചിത ശതമാനത്തിലധികം വെള്ളം നഷ്ടമാകുന്നുണ്ടെന്നും വർഷങ്ങൾ പഴക്കമുള്ള എ.സി. പ്രിമോപൈപ്പുകളാണ് അതിന് കാരണമെന്നും വാട്ടർ അതോറിറ്റി എം. ഡി. അറിയിച്ചു.

ഇപ്പോഴത്തെ Water loss 45% ആണെന്നും ദേശീയ ശരാശരി 15% ആണെന്നും തുറന്നുവിടുന്ന വെള്ളവും എത്തുന്ന വെള്ളവും തമ്മിൽ അളക്കാനുള്ള മാർഗ്ഗം ഇപ്പോൾ നമ്മുടെ സംവിധാനത്തിലില്ലെന്നും വെള്ളത്തിന്റെ ചോർച്ച സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് ഒരു സമയപരിധിവേണമെന്നും റോഡ് കുഴിക്കാൻ ചിലപ്പോൾ പി.ഡബ്ല്യൂ.ഡി.യുടെ അനുവാദം കിട്ടാൻ താമസിക്കാറുണ്ടെന്നും ഒരു പരാതി വന്നാൽ അത് ഇത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കി റിപ്പോർട്ട് നൽകണം എന്ന രീതിയിൽ ഒരു സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കേരള വാട്ടർ അതോറിറ്റിയുടെ ഇന്നോവേഷൻ പ്രോജക്ട് വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടു. കേരള വാട്ടർ അതോറിറ്റി ഇന്നൊവേഷൻ സോൺ എന്ന പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ ഒരു പോർട്ടൽ ഡെവലപ് ചെയ്തിട്ടുണ്ടെന്നും വാട്ടർ ലീക്കേജ്, സാനിറ്റേഷൻ പ്രശ്നങ്ങൾ എന്നിവയെല്ലാം അതിൽ ലിസ്റ്റ് ചെയ്യപ്പെട്ടുവെന്നും നിലവിൽ സെപ്റ്റിക്ക് വേസ്റ്റ് ഉൾപ്പെടെയുള്ള മാൻഹോളിലെ വെള്ളത്തിൽ ഒരാൾ ഇറങ്ങിയാണ് പ്രശ്നം പരിഹരിക്കുന്നതെന്നും ഇത് പരിഹരിക്കുന്നതിനായി ഒരു മെഷീൻ തയ്യാറായിട്ടുണ്ടെന്നും ആളുകൾക്ക് പകരം ഒരു റോബോർട്ട് മാൻഹോളിൽ ഇറങ്ങുന്ന പദ്ധതിയാണിതെന്നും എം.ഡി. വാട്ടർ അതോറിറ്റി വ്യക്തമാക്കി. ഇതിന്റെ ഒരു പ്രോട്ടോടൈപ്പ് പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തുനോക്കിയെന്നും പലതവണ പരീക്ഷിച്ചുനോക്കിയ ശേഷം അതിന്റെ ഫലം വിലയിരുത്തി ഏതു രീതിയിൽ വാണിജ്യപരമായി ഉൽപ്പാദനം നടത്താമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവവകുപ്പ് അറിയിച്ചു.

സ്വീവറേജുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കേരളം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമെന്നും സ്വീവറേജ് ഇല്ലാതെ ഒരു പഞ്ചായത്തിനുപോലും പ്രവർത്തിക്കാൻ

പറ്റാത്ത സ്ഥിതിയാണെന്നും പണ്ട് തുടങ്ങിയ പദ്ധതികൾ മെയിന്റനൻസ് നടത്തുകയോ മെച്ചപ്പെടുത്തുകയോ ചെയ്യുന്നില്ലെന്നും ഫ്ലാറ്റുകൾ ധാരാളമുള്ള സ്ഥലങ്ങളിൽ കിണർ, ബോർവെൽ എന്നിവ കുഴിക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നും ആയതിന് പരിഹാരം കാണാതെ മുന്നോട്ട് പോകാൻ സാധിക്കില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. വാട്ടർ അതോറിറ്റിയുടെ പരിധിയിലുള്ള സ്വീവറേജ് നെറ്റ്‌വർക്കിനെ ഒരു ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാക്കുന്നത് ഉചിതമായിരിക്കുമെങ്കിലും ആയതിന് നിലവിൽ സംവിധാനമില്ലെന്നും മാലിന്യ സംസ്കരണത്തിൽ ഏറ്റവും പ്രധാനം സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉണ്ടാകണം എന്നുള്ളതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വീവറേജ് വിഷയത്തിൽ പ്രധാനമായും രണ്ട് വിഷയങ്ങൾക്കാണ് പരിഹാരം കാണേണ്ടതെന്നും ഒന്നാമത്തേത് സ്വീവറേജ് പ്രശ്നവും രണ്ടാമത്തേത് ആളുകൾ മാലിന്യം കനാലിലും റോഡിലും മറ്റിടങ്ങളിലെല്ലാം വലിച്ചെറിയുന്നതും. ഇതിൽ ഗവൺമെന്റ് കൂടുതൽ മുൻഗണന നൽകി പരിഹരിക്കുന്നത് രണ്ടാമത്തെ പ്രശ്നമാണെന്നും ഭൂമി ലഭ്യമാക്കാതിരിക്കൽ, കോർപ്പറേഷനുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങളാൽ കൊച്ചിയിലെ ബ്രഹ്മപുരം പ്ലാന്റ് തുടങ്ങാൻ സാധിച്ചില്ലെന്നും പ്രസ്തുത പദ്ധതി ഒരു ബ്രിട്ടീഷ് ബേസ്ഡ് കമ്പനിയെയാണ് ഏൽപ്പിച്ചിരുന്നതെന്നും കോൺട്രാക്റ്റിലെ പ്രശ്നങ്ങളും ഇലക്ട്രിസിറ്റി താരിഫ് പ്രശ്നങ്ങളും ഇതിലുണ്ടെന്നും ആക്ട് പ്രകാരം കമ്മീഷന്റെ അനുവാദമില്ലാതെ വേസ്റ്റ് ടു എനർജി പ്ലാന്റിൽ നിന്ന് ഗ്രിഡിലേക്ക് ഇലക്ട്രിസിറ്റി നൽകാനോ നിരക്ക് തീരുമാനിക്കാനോ കഴിയില്ലെന്നും ഇപ്പോൾ ഇവിടെ 3 മില്യൺ ടൺ മാലിന്യമുണ്ടെന്നും പ്രസ്തുത മാലിന്യം നദികളിലും പാടങ്ങളിലുമെല്ലാം ഒലിച്ചിറങ്ങുന്നു വെന്നും അതിനെല്ലാം ഒരു പരിഹാരമായിട്ടുണ്ടെന്നും എന്നാൽ മറ്റു ജില്ലകളിൽ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തേണ്ടതുണ്ടെന്നും 8 സ്ഥലങ്ങളിൽ 15 മുതൽ 20 ഏക്കർ ഭൂമി കണ്ടെത്തി കഴിഞ്ഞുവെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കേരളത്തിലെ സ്ഥലങ്ങളെല്ലാം പട്ടണങ്ങളായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു സംവിധാനം രൂപീകരിക്കുകയാണെങ്കിൽ വേൾഡ് ബാങ്കിന്റെയോ മറ്റേതെങ്കിലും ഏജൻസികളുടെയോ സഹായം ലഭിക്കുമെന്നും ഇത് കൂടുതൽ വിപുലപ്പെടുത്താൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി കേരളം അഭിമുഖീകരിക്കുന്ന ഗുരുതരമായ

പ്രശ്നമെന്ന നിലയിൽ സ്വീവറേജ് വിഷയത്തെ സംബന്ധിച്ച് പഠനം നടത്തണമെന്നും സ്വീവറേജ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാത്രമായി ഒരു ചീഫ് എഞ്ചിനീയറെ നിയമിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വാട്ടർ അതോറിറ്റിയുടെ സ്ഥലം അന്യാധീനപ്പെട്ട് പോകുന്നത് സംബന്ധിച്ച് പഠനം നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

2702-01-800-88-33—ചെറുകിട ജലസേചനം-ഉപരിതല ജലം-മറ്റു ചെലവുകൾ-പമ്പ് ഉപയോഗിച്ച് പുഞ്ചക്കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി-സബ്സിഡികൾ

തിരുവനന്തപുരം ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചക്കൃഷിക്കുവേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-5-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 82/15 കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2702-02-005-93—ഭൂഗർഭ ജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും

കൃഷിക്കുള്ള ഫ്ലഡ് ഇറിഗേഷൻ, ബോർവെല്ലിൽ അനുവദിക്കരുതെന്നും അത് മൈക്രോ ഇറിഗേഷനിൽ ഉൾപ്പെടുത്തുകയാണെങ്കിൽ വെള്ളത്തിന്റെ ഉപയോഗം 60% ലാഭിക്കാനും വൈദ്യുതി ലാഭമുണ്ടാക്കാനും സാധിക്കുമെന്നും നിയമത്തിന്റെ പിൻബലമുണ്ടെങ്കിൽ മാത്രമേ ഇത് നടപ്പാക്കാൻ സാധിക്കുകയുള്ളുവെന്നും ചൂണ്ടിക്കാട്ടിയ സമിതി ഇതു സംബന്ധിച്ച് പഠനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

കേരളം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ജലലഭ്യതക്കുറവ് അല്ലെന്നും ലഭിക്കുന്ന മഴവെള്ളത്തിന്റെ സംഭരണവും റീചാർജ്ജിംഗുമാണെന്നും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനായി പുതിയൊരു സമീപനം ആരംഭിക്കുന്നത് ഗൗരവമായി ആലോചിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ് അറിയിച്ചു.

2702-01-800-94-02-05-34—ചെറുകിട ജലസേചനം-ഉപരിതല ജലം-മറ്റു ചെലവുകൾ-ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം വേതനം-ഓഫീസ് ചെലവ്-മറ്റ് ചെലവുകൾ

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതിച്ചാർജ് നൽകുന്നതിനായി 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2702-03-101-98-02-34—ചെറുകിട ജലസേചനം-സംരക്ഷണ പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണ പണികൾ-മറ്റു ചെലവുകൾ-ചെറുകിട ജലസേചന പണികളുടെ കേട്ടുപാട്ടുപോക്കൽ-മറ്റു ചെലവുകൾ

ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെറുകിട ജലസേചന പദ്ധതികളുടെ കേട്ടുപാട്ട തീർക്കുന്നതിനുമായി തുക അനുവദിച്ച ഈ ശീർഷകത്തിൽ ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ റഗുലേറ്ററുകളുടെ വർക്ക് പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്നും വർക്കുകളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

8 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും 9 എണ്ണത്തിന്റെ ഡിസൈൻ നടന്നുകൊണ്ടിരിക്കുകയാണെന്നും 12 എണ്ണം ഇൻവെസ്റ്റിഗേഷൻ പ്രോസസ്സിലാണെന്നും 3 എണ്ണത്തിന്റെ വർക്കുകൾ ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ടെന്നും നിലവിൽ പദ്ധതി അംഗീകരിച്ചതിനുശേഷമാണ് ഡി.പി.ആറിലേക്ക് പോകുന്നതെന്നും അതുകൊണ്ടാണ് കൂടുതൽ സമയമെടുക്കുന്നതെന്നും റഗുലേറ്ററിന്റെ വർക്ക് കിഫ്ബിയിൽ നിന്നുള്ളതാകയാൽ കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയിൽ വച്ചതിനുശേഷമാണ് ഇൻവെസ്റ്റിഗേഷനിലേക്ക് പോയതെന്നും ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ, എസ്റ്റിമേറ്റ്, ടെണ്ടർ ഇക്കാര്യ ങ്ങളൊക്കെ വരുന്നതുകൊണ്ടാണ് പദ്ധതി വൈകുന്നതെന്നും അടുത്തവർഷം മുതൽ ഡി.പി.ആർ. പ്രിപ്പറേഷൻ ആദ്യം തന്നെ ചെയ്യാമെന്നും പദ്ധതി അപ്രൂവ് ചെയ്യുകയാണെങ്കിൽ അതനുസരിച്ച് ഡി.പി.ആർ. പ്രപ്പോസൽ പൂർത്തീകരിക്കാമെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ (മൈനർ സർക്കിൾ), എറണാകുളം വ്യക്തമാക്കി.

റെഗുലേറ്റർ പദ്ധതി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4702-00-101-99-01-02-03—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവുകൾ-ഉപരിതലജലം-ചെറുകിട ജലസേചന ജോലികൾ-മരാമത്തുകൾ എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്-പണിയായുധങ്ങളും യന്ത്ര സാമഗ്രികളും

ചെക്കഡാമുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് ജലസേചന സൗകര്യം ഒരുക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം-ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

സംസ്ഥാനത്ത് നിരവധി തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4702-00-101-64—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം-ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം-പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ജലസേചനവുമായി ബന്ധപ്പെട്ട് കുളങ്ങൾ നവീകരിക്കുന്നതിനായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി ആരാഞ്ഞു.

പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം 2016-17-ൽ 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെന്നും അതിൽ 24 കോടി രൂപ സംസ്ഥാന വിഹിതവും 36 കോടി രൂപ കേന്ദ്ര വിഹിതമായിരുന്നുവെന്നും ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനിൽ എല്ലാ ജില്ലകളിൽ നിന്നും പ്രോജക്ടുകൾ കൊടുത്തിരുന്നുവെന്നും 2016-17-ൽ 117 കോടി രൂപയും കഴിഞ്ഞവർഷം 200 കോടി രൂപയും അനുവദിച്ചിരുന്നതായും എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുമായി ലിങ്ക് ചെയ്യുമ്പോൾ അവർ നിഷ്കർഷിക്കുന്ന നിബന്ധനകൾ അനുസരിച്ച്

ഒരു വർക്കിനുപോലും സാങ്ഷൻ ലഭിക്കുന്നില്ലെന്നും അതുകൊണ്ട് 2016-17-ൽ പി.എം.കെ.എസ്.വൈ.യിൽ സമർപ്പിച്ച ഒരു വർക്കും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും 2017-18 ൽ സമർപ്പിച്ച വർക്കുകളിൽ ഒരു വർക്ക് മാത്രമാണ് വരാൻ പോകുന്നതെന്നും മറ്റ് വർക്കുകൾ നോംസ് പ്രകാരമല്ലാത്ത കാരണത്താൽ അനുമതി ലഭിക്കുന്നില്ലെന്നും നഗരപ്രദേശത്ത് ഒരു കുളത്തിന് 5 ഏക്കർ ജലവിസ്തൃതിയും ഗ്രാമീണ മേഖലയിൽ 12.50 ഏക്കർ ജലവിസ്തൃതിയും ഉണ്ടെങ്കിൽ മാത്രമേ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുകയുള്ളൂവെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ (മൈനർ സർക്കിൾ) എറണാകുളം സമിതിയെ ധരിപ്പിച്ചു.

ഇറിഗേഷനുമായി ബന്ധപ്പെട്ട് കുളങ്ങൾ നവീകരിക്കുന്നതിനായി ഓരോ ജില്ലയിലുമുള്ള എല്ലാ കുളങ്ങളുംകൂടി ലിങ്ക് ചെയ്ത് ഒരു മേജർ പ്രോജക്ടുണ്ടാക്കി വേൾഡ് ബാങ്കിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

പറമ്പിക്കുളത്ത് കരാർ പ്രകാരം നമുക്ക് ലഭിക്കേണ്ട വെള്ളത്തെക്കുറിച്ച് വ്യക്തമായ ഒരു ചിത്രമുണ്ടാക്കണമെന്നും കരാർ പ്രകാരം uncontrolled flood water സംസ്ഥാനത്തിന് നിർബന്ധമായും കിട്ടേണ്ടതാണെന്നും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ഇക്കാര്യത്തിൽ അവരുടെ അധികാരം ഇതുവരെ ഉപയോഗിച്ചിട്ടില്ലെന്നും വിലയിരുത്തിയ സമിതി കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നതിന് ബോർഡിൽ ആവശ്യം ഉന്നയിക്കുകയും അതനുസരിച്ചുള്ള തീരുമാനങ്ങളെടുക്കാനുള്ള ശ്രമം നടത്തണമെന്നും നിർദ്ദേശിച്ചു

ഭാരതപ്പുഴ ക്രമാതീതമായി വറ്റിവരളുന്ന സാഹചര്യം കണക്കിലെടുത്ത് അത് പറമ്പിക്കുളം പദ്ധതിയുടെ ജലലഭ്യതയുടെ ഒരു പുതിയ വിഷയമായി അവതരിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

പാലക്കാട് ജില്ലയിലെ വെള്ളത്തിന്റെ പ്രശ്നം പരിഹരിക്കുവാൻ കഴിയുന്ന കരിയാർകുറ്റി പദ്ധതി സംബന്ധിച്ച് സമിതി ആരാഞ്ഞു.

ചാലക്കുടി പുഴയുടെ മൂന്ന് കൈവഴികളായ കരിയാർകുറ്റി, കാരപ്പാറ, പുളിക്കലാർ എന്നിവയിൽ ഓരോ ഡാമുകൾ നിർമ്മിച്ച് ടണൽവഴി വെള്ളം പശ്ചിമഘട്ടത്തിന്റെ ഇപ്പുറത്ത് പാലക്കാട് ജില്ലയിലേക്ക് കൊണ്ടുവരാനുള്ളതായിരുന്നു നേരത്തെയുണ്ടായിരുന്ന പദ്ധതിയെന്നും ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ ഈ വിഷയം അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത നിർദ്ദേശം ഉണ്ടാക്കിയിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട് വ്യക്തമാക്കി.

സമിതി 20-2-2018-ന് നടത്താൻ നിശ്ചയിച്ചിരുന്ന യോഗം 21-2-2018-ലേക്ക് മാറ്റുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.45-ന് അവസാനിച്ചു.

# 21-2-2018-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2018 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ.
2. ശ്രീ. കെ. ജെ. മാക്സി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും XXXVIII, XXIX, XX എന്നീ ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളിച്ചിരുന്ന ചെലവിനങ്ങൾ പരിശോധിച്ച് സമിതി നൽകിയ ശിപാർശകൾ ഉൾക്കൊള്ളുന്ന പ്രസ്തുത റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. കരട് റിപ്പോർട്ടിലെ 1-ാം ഖണ്ഡിക താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്" (NRDWP)-യുടെ കേന്ദ്ര വിഹിതം ഗണ്യമായി വെട്ടിക്കുറച്ച സാഹചര്യത്തിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

2. കരട് റിപ്പോർട്ടിലെ 20-ാം ഖണ്ഡികയായി താഴെപ്പറയുന്ന ശിപാർശ ഉൾപ്പെടുത്തുക:

" കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY-യിൽ നോഡൽ ഏജൻസിയായ കൃഷി വകുപ്പ് മുഖേന സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ

ജലസേചന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

3. കരട് റിപ്പോർട്ടിലെ 30-ാം ഖണ്ഡികയിൽ "കമ്പ്യൂട്ടർ ജോലിയും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലകയറ്റവും കാരണം" എന്നീ വാക്കുകൾക്ക് പകരം "കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

4. കരട് റിപ്പോർട്ടിലെ 31-ാം ഖണ്ഡികയിൽ "കമ്പ്യൂട്ടർ ജോലിയും ഇന്ധനത്തിന്റെയും സാധനസാമഗ്രകകളുടെയും വിലക്കയറ്റവും കാരണം" എന്നീ വാക്കുകൾക്ക് പകരം "കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

5. കരട് റിപ്പോർട്ടിലെ 39-ാം ഖണ്ഡികയിൽ "പ്രസ്തുത ശീർഷകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ" എന്നീ വാക്കുകൾക്ക് ശേഷം "കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

കരട് റിപ്പോർട്ടിലെ 44-ാം ഖണ്ഡികയിൽ പരാമർശിക്കുന്ന അന്തർ സംസ്ഥാന ജല ഉപദേശക സമിതി നിലവിൽ വന്നത് എന്നാണെന്നും പ്രസ്തുത സമിതി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സമിതിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു

കര്യാർകറ്റി-കാരപ്പാറ പദ്ധതിയുടെ സുസ്ഥിര ബദൽ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടും, പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കരാർ ലംഘനവുമായി ബന്ധപ്പെട്ടും ശ്രീ. കെ. കൃഷ്ണൻകുട്ടി, എം. എൽ. എ. സമിതി മുമ്പാകെ സമർപ്പിച്ച കത്തുകൾ തുടർ നടപടിയ്ക്കായി ജലവിഭവ വകുപ്പിന് അയച്ചുകൊടുക്കുന്നതിന് സമിതി തീരുമാനിച്ചു

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.15-ന് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.